## കേരള കത്തോലിക്കാ മെത്രാൻ സമിതി

# കേരള സഭാനവീകരണം

## 2022 – 2025

## മാർഗരേഖ

*Lineamenta*

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
പി.ഒ.സി. പ്രസിദ്ധീകരണം

Malayalam
**Kerala Sabha Naveekaranam 2022-2025**

**Published by** : The Director, Pastoral Orientation Centre,
The Secretariat, Kerala Catholic Bishops' Council,
Kochi 25, Kerala, India
Phone: +914842 805722, 2805815
Fax: +91484 2806214
E-mail: pocpublications@gmail.com
Website: www.kcbc.in

**Copyright to** : The Publisher

**Published on** : July 2022

**Printed at** : Viani Printers, Ernakulam

**Copies** : 10,000

**Price** : ₹ 30

**ISBN** : 978-93-83423-61-3

@ Pastoral Orientation Centre

All rights reserved. No part of this publication may be reproduced, stored in a retrieval system, or transmitted, in any form or by any means, electronic, mechanical, photocopying, recording or otherwise, without prior written permission of the publisher.

# ഉള്ളടക്കം


| | | |
|---|---|---|
| I. | പ്രാരംഭം | 6 |
| II. | ആപ്തവാക്യം | 6 |
| III. | സഭ എന്റെ ഭവനം എന്ന ബോധ്യം | 7 |
| IV. | നവീകരണ കാലഘട്ടം | 7 |
| | **ഭാഗം ഒന്ന് (7–11)** | |
| V. | നവീകരണത്തിന് അടിസ്ഥാനമായ അഞ്ച് പശ്ചാത്തലങ്ങൾ | 7 |
| VI. | നവീകരണപ്രക്രിയയിലെ ദൗത്യങ്ങളും പടികളും | 8 |
| VII. | നവീകരണത്തിനു അഞ്ച് പ്രക്രിയകൾ | 9 |
| VIII. | മൂന്നു പ്രവർത്തനമേഖലകൾ | 9 |
| IX. | നവീകരണത്തിന് 3 ഘട്ടങ്ങൾ | 10 |
| | **ഭാഗം രണ്ട് (11–20)** | |
| X. | നവീകരണത്തിന്റെ അടിസ്ഥാനഭാവങ്ങൾ | |
| | - കൂട്ടായ്മയും പ്രേഷിതാഭിമുഖ്യവും | 11 |
| | - സഭാസംവിധാനങ്ങൾ | 14 |
| | **ഭാഗം മൂന്ന് (20–35)** | |
| XI. | കേരള/പ്രാദേശിക സഭാനവീകരണത്തിന്റെ മേഖലകൾ | 20 |
| XII. | ഉപസംഹാരം | 36 |

# ആമുഖം

'ഒരു സിനഡാത്മക സഭയ്ക്കുവേണ്ടി: കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതദൗത്യം' എന്ന ആപ്തവാക്യത്തോടെ ആഗോള കത്തോലിക്കാസഭ ഒരു നവീകരണത്തിന് ഒരുങ്ങുകയാണല്ലോ. ഈ പശ്ചാത്തലത്തിൽ, 2021 ഡിസംബർ മാസം ചേർന്ന കേരള കത്തോലിക്കാ മെത്രാന്മാരുടെ സമ്മേളനത്തിൽവച്ച് കേരളസഭാനവീകരണം എന്ന ആശയം രൂപപ്പെട്ടു.

കാലഘട്ടത്തിന്റെ വെല്ലുവിളികളെ തിരിച്ചറിഞ്ഞും സഭയുടെയും സമൂഹത്തിന്റെയും ആവശ്യങ്ങൾ മനസിലാക്കിക്കൊണ്ടും സഭാശുശ്രൂഷകൾ കാലികമാക്കുക എന്നത് സഭയുടെ വിളിയും ദൗത്യവുമാണ്. സർവസൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുക എന്ന ക്രിസ്തുവിന്റെ ആഹ്വാനം ഏറ്റെടുത്തു മുന്നേറുന്ന സഭ ലോകത്തോടു സംവദിക്കുന്നത് കാലികമായിത്തന്നെയാണ്. ക്രിസ്തുസാക്ഷ്യത്തിന്റെ മേഖലയിൽ സഭയിൽ വന്നിട്ടുള്ള വീഴ്ചകളെ മനസിലാക്കിയും കോവിഡുകാലം സഭയിലും സമൂഹത്തിലും വരുത്തിയ അസ്വസ്ഥതകളെ പരിഹരിച്ചും സഭയുടെ പ്രേഷിത ദൗത്യത്തെ നവീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്.

'സഭ ക്രിസ്തുവിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്ന ഭവനം' എന്ന ആപ്തവാക്യത്തോടെ ആരംഭിച്ചിരിക്കുന്ന കേരളസഭാ നവീകരണത്തിന്റെ ഔപചാരികമായ ഉദ്ഘാടനം 2022 ജൂൺ 7-ന് പാലാരിവട്ടം പിഒസിയിൽവച്ച് കേരളത്തിലെ മെത്രാന്മാരുടെ മുഴുവൻ കാർമികത്വത്തിൽ അർപ്പിച്ച ബലിമധ്യേ നിർവഹിക്കുകയുണ്ടായി.

സഭാനവീകരണത്തിന് ഒരുക്കമായി തയ്യാറാക്കിയിട്ടുള്ള മാർഗരേഖ (*Lineamenta*) യാണ് ഇപ്പോൾ പ്രസിദ്ധീകരിക്കുന്നത്. കേരള

സഭാനവീകരണം എന്ന വിഷയത്തിൽ വിവിധ മേഖലയിൽപ്പെട്ടവർക്കായി പിഒസിയിൽ വച്ചു സംഘടിപ്പിച്ച പന്ത്രണ്ടു സെമിനാറുകളുടെയും ചർച്ചകളുടെയും പഠനങ്ങളുടെയുമൊക്കെ വെളിച്ചത്തിലാണ് ഈ മാർഗരേഖ തയ്യാറാക്കിയിട്ടുള്ളത്.

സംസ്ഥാനത്തിലും രൂപത-ഇടവകതലങ്ങളിലും പ്രേഷിതമാന സാന്തരത്തിലൂന്നിയ നവീകരണം സാധ്യമാകണം എന്ന ലക്ഷ്യത്തോടെ ഈ മാർഗരേഖയുടെ വെളിച്ചത്തിൽ ചർച്ചകളും പഠനങ്ങളും സംഘടിപ്പിക്കണം. ഓരോ രൂപതയും ആ രൂപതയുടെ പ്രത്യേക സാഹചര്യങ്ങൾക്കനുസൃതമായ രീതിയിൽ ഈ നവീകരണയജ്ഞത്തിൽ പങ്കുചേരണം. അതിനനുസൃതമായ ടീമുകളുടെ രൂപീകരണം, ആസൂത്രണം, നടപ്പിലാക്കൽ, വിലയിരുത്തൽ, സംവിധാനം ഒരുക്കൽ എന്നിവയെല്ലാം രൂപത-ഇടവകതലങ്ങളിൽ നടക്കണം.

സഭാനവീകരണ യജ്ഞത്തിന് നേതൃത്വം നല്കുന്ന അഭിവന്ദ്യ പിതാക്കന്മാർക്ക്, പ്രത്യേകിച്ച് ബിഷപ് സാമുവൽ മാർ ഐറേനിയോസ്, ബിഷപ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ, ബിഷപ് ഡോ. ജെയിംസ് ആനാപറമ്പിൽ, ബിഷപ് പോൾ ആന്റണി മുല്ലശ്ശേരി എന്നിവർക്കും കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി റവ. ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി, മാർഗരേഖ തയ്യാറാക്കുന്നതിന് മുഖ്യപങ്കുവഹിച്ച ഡോക്ട്രൈനൽ കമ്മീഷൻ സെക്രട്ടറി റവ. ഡോ. സ്റ്റാൻലി മാതിരപ്പിള്ളി എന്നിവർക്കും സഹകരിച്ച മറ്റെല്ലാവർക്കും ഹൃദയപൂർവം നന്ദിയർപ്പിക്കുന്നു.

ക്രിസ്തുവിൽ നവീകൃതമായ ഒരു സഭയെ കെട്ടിപ്പടുക്കുന്നതിൽ നമുക്കു പ്രാർത്ഥനാപൂർവം കൈകോർക്കാം. പരിശുദ്ധാത്മാവ് നമ്മെ നയിക്കട്ടെ!

**കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി**
കെസിബിസി പ്രസിഡന്റ്

**ബിഷപ്പ് വർഗീസ് ചക്കാലക്കൽ**
കെസിബിസി വൈസ് പ്രസിഡന്റ്

**ബിഷപ്പ് ജോസഫ് മാർ തോമസ്**
കെസിബിസി സെക്രട്ടറി ജനറൽ

## I. പ്രാരംഭം

1. സഭയെ നിരന്തരം നയിക്കുന്ന ദൈവാത്മാവിന്റെ സ്വരത്തിന് കാതോർത്താണ് പ്രാരംഭകാലം മുതൽ സഭ യാത്ര ചെയ്തിട്ടുള്ളത്. വിനയത്തോടുകൂടി ശുശ്രൂഷ ചെയ്യുന്ന (Servant Model Church) സമർപ്പണത്തോടുകൂടി സഹഗമിക്കുന്ന (Accompanying Church) സ്നേഹത്തോടുകൂടി അനുരഞ്ജനപ്പെടുന്ന (Reconciling Church) ധീരതയോടുകൂടി സാക്ഷ്യം നല്കുന്ന (Witnessing Church) പാരമ്പര്യമാണ് സഭ ആദിമ കാലം മുതൽ അനുവർത്തിച്ചുപോന്നിട്ടുള്ളത്. പരിശുദ്ധാത്മപ്രകാശത്തിൽ കാലത്തിന്റെ അടയാളങ്ങളെ വ്യാഖ്യാനിക്കുകയും ദൈവിക പദ്ധതിയുടെ ശുശ്രൂഷകൾക്കായി പിൻചെല്ലേണ്ട പാതകൾ നിർണയിക്കുകയും ചെയ്യുക എന്നത് സഭയുടെ എക്കാലത്തെയും വെല്ലുവിളിയും ദൗത്യവുമാണ്. ഈ വെല്ലുവിളി ഏറ്റെടുത്തുകൊണ്ട് കേരള കത്തോലിക്കാസഭ ഒരു നവീകരണ യജ്ഞത്തിന് തയ്യാറാവുകയാണ്.

## II. ആപ്തവാക്യം

2. കേരള സഭാനവീകരണത്തിന് കെസിബിസി സ്വീകരിച്ചിരിക്കുന്ന ആപ്തവാക്യം **"സഭ: ക്രിസ്തുവിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്ന ഭവനം"** എന്നാണ്. വിശുദ്ധ പൗലോസ് അപ്പോസ്തലൻ എഫേസൂസുകാർക്കെഴുതിയ ലേഖനം 2:20–22 വരെയുള്ള വാക്യങ്ങളാണ് ഈ ആപ്തവാക്യത്തിന് ആധാരം: "അപ്പോസ്തലന്മാരും പ്രവാചകന്മാരുമാകുന്ന അടിത്തറമേൽ പണിതുയർത്തപ്പെട്ടവരാണ് നിങ്ങൾ; ഈ അടിത്തറയുടെ മൂലക്കല്ല് ക്രിസ്തുവാണ്. ക്രിസ്തുവിൽ ഭവനമൊന്നാകെ സമന്വയിക്കപ്പെട്ടിരിക്കുന്നു; കർത്താവിൽ പരിശുദ്ധ ആലയമായി അതു വളർന്നു കൊണ്ടിരിക്കുകയും ചെയ്യുന്നു. പരിശുദ്ധാത്മാവിൽ ദൈവത്തിന്റെ വാസസ്ഥലമായി നിങ്ങളും അവനിൽ പണിയപ്പെട്ടു കൊണ്ടിരിക്കുന്നു."

## III. സഭ എന്റെ ഭവനം എന്ന ബോധ്യം

3. ക്രിസ്തുവിന്റെ സഭ ക്രിസ്തുവിൽ വിശ്വസിക്കുന്നവരുടെ കുടുംബമാണ്. അത് ഒരു സാമൂഹിക സംവിധാനമോ അത്തരത്തിലുള്ള ഒരു പ്രസ്ഥാനമോ അല്ല. ശരീരത്തിൽ പല അവയവങ്ങളുണ്ടെങ്കിലും അവയെല്ലാം ചേർന്ന് ക്രിസ്തുവിൽ ഏക ശരീരമായി ത്തീരുന്നതു പോലെ (1 കോറി 12:12-26) സഭാംഗങ്ങളെല്ലാവരും ജ്ഞാനസ്നാനം എന്ന കൂദാശവഴി ക്രിസ്തുവിൽ ഏക ശരീരമാണ്. ജ്ഞാനസ്നാനത്തിലൂടെ അവർക്കു ലഭിച്ച വിളിക്കനുസൃതമായ ദൗത്യം നിർവഹിക്കാൻ അവർ കടപ്പെട്ടവരാണ്. അനുരഞ്ജനത്തിന്റെയും സൗഖ്യപ്പെടുത്തുന്ന ബന്ധങ്ങളുടെയും ഉത്തരവാദിത്തം ഏറ്റെടുക്കുന്ന അംഗങ്ങളുടെയും കൂട്ടായ്മ എന്ന നിലയിൽ, "സഭ എന്റെ ഭവനം" എന്ന ബോധ്യം മെത്രാന്മാരും വൈദികരും സന്ന്യസ്തരും അല്മായരും ഉൾപ്പെടെയുള്ള സഭാംഗങ്ങൾക്കെല്ലാവർക്കും ഉണ്ടാകണം. അമ്മയായ സഭയോടുള്ള സ്നേഹം ക്രിസ്തുവിനോടുള്ള സ്നേഹത്തിന്റെ ഭാഗമാണ്. സഭ എന്റെ അമ്മ എന്ന നിലയിൽ എത്രമാത്രം സ്നേഹിക്കപ്പെടുന്നുവെന്ന് ഓരോരുത്തരും വിലയിരുത്തണം. എന്റെ സഭയിൽ വളർന്നുവരാനും അതിനെ പരിപോഷിപ്പിക്കാനും എനിക്കും കടമയുണ്ട് എന്ന അവബോധത്തിൽ ഓരോ ക്രിസ്തുവിശ്വാസിയും വളരുന്നിടത്താണ് പൊതു സമൂഹത്തിൽ സഭ ക്രിസ്തുവിന്റെ മുഖവും ഗാത്രവുമായി അവതരിക്കപ്പെടുന്നത്.

## IV. നവീകരണ കാലഘട്ടം

4. കെസിബിസിയുടെ വിവിധ കമ്മീഷനുകളുടെ നേതൃത്വത്തിൽ നടത്തുന്ന കേരളസഭാനവീകരണ പ്രക്രിയ **2022 ജൂൺ 5 പന്തക്കുസ്താ തിരുനാൾ മുതൽ 2025 ജൂൺ 8 പന്തക്കുസ്താ തിരുനാൾവരെ** യായിരിക്കും.

# ഭാഗം ഒന്ന്

## V. നവീകരണത്തിന് അടിസ്ഥാനമായ അഞ്ച് പശ്ചാത്തലങ്ങൾ

5. കേരള/പ്രാദേശിക സഭാനവീകരണം നടക്കുന്നത് പ്രധാനമായും അഞ്ചു പശ്ചാത്തലങ്ങളെ മുൻനിർത്തിയാണ്.

a. ആഗോളകത്തോലിക്കാസഭയിൽ സംഘടിപ്പിക്കപ്പെടുന്ന മെത്രാന്മാരുടെ സിനഡിന്റെ പശ്ചാത്തലം. "ഒരു സിനഡാത്മകസഭയ്ക്കു വേണ്ടി: കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതദൗത്യം" എന്ന ആപ്തവാക്യത്തിന്റെ ചൈതന്യം ഉൾക്കൊണ്ടുകൊണ്ട് കൂട്ടായ്മയുടെയും പങ്കാളിത്തത്തിന്റെയും പ്രേഷിതാഭിമുഖ്യത്തിന്റെയും നവചൈതന്യം രൂപപ്പെടുന്നതിന്റെ പശ്ചാത്തലം.

b. കോവിഡനന്തര കേരളത്തിൽ കത്തോലിക്കാസഭയുടെ ദൗത്യവും സാക്ഷ്യവും എന്തായിരിക്കണമെന്നു തിരിച്ചറിഞ്ഞ് കേരളസഭയുടെ പ്രവർത്തനങ്ങളെ ക്രമപ്പെടുത്തുന്നതിന്റെ പശ്ചാത്തലം.

c. കേരള കത്തോലിക്കാസഭയിലെ/പ്രാദേശികസഭകളിലെ സഭാകൂട്ടായ്മയിൽ വന്നുചേർന്നിട്ടുള്ള അപചയങ്ങളുടെ പശ്ചാത്തലം.

d. 2025-ാമാണ്ടിൽ ആഗോള കത്തോലിക്കാസഭയിൽ 'പ്രത്യാശയുടെ തീർത്ഥാടകർ' എന്ന ആപ്തവാക്യത്തോടെ ആഘോഷിക്കുന്ന ജൂബിലിയുടെ പശ്ചാത്തലം.

e. 2033-ാമാണ്ടിൽ രക്ഷയുടെ മഹാജൂബിലി ആഘോഷത്തിനായുള്ള ഒരുക്കത്തിന്റെ പശ്ചാത്തലം.

## VI. നവീകരണപ്രക്രിയയിലെ ദൗത്യങ്ങളും പടികളും

6. സഭയെയും സമൂഹത്തെയും സംബന്ധിക്കുന്ന എല്ലാ വിഷയങ്ങളെക്കുറിച്ചും നവീകരണകാലം ചർച്ച ചെയ്യണം. ബൈബിൾ, സഭാപ്രബോധനങ്ങൾ, ആരാധനാക്രമം, ദൈവശാസ്ത്രം, കാനോൻ നിയമം എന്നിവയുടെ അടിസ്ഥാനത്തിൽ മെത്രാന്മാരുടെ ശുശ്രൂഷ, വൈദിക-സന്ന്യസ്ത ജീവിതവും അവരുടെ പരിശീലനരീതിയും, വിശ്വാസീസമൂഹം, കുടുംബം, രൂപത, ഇടവക, കുടുംബയൂണിറ്റുകൾ, വിവിധ സ്ഥാപനങ്ങൾ, സംഘടനകൾ എന്നിവയെല്ലാം ഇക്കാലഘട്ടത്തിൽ ചർച്ചാവിഷയങ്ങളാകണം.

a. കേരളസഭയുടെ/പ്രാദേശികസഭയുടെ വിശ്വാസയാത്രയിലെ വഴികൾ വിലയിരുത്തണം.

b. വിശ്വാസയാത്രയിൽ ഉണ്ടായ നന്മകളെ പരിപോഷിപ്പിക്കുകയും വന്നുപോയ തെറ്റുകളും വീഴ്ചകളും തിരിച്ചറിഞ്ഞ് പരിഹാരങ്ങൾ കണ്ടെത്തുകയും ചെയ്യണം.

c. കാലത്തിനനുസൃതമായ മാറ്റങ്ങൾ ഉൾക്കൊള്ളാൻ തയ്യാറായിക്കൊണ്ട് പുതിയ കാഴ്ചപ്പാടുകൾ സ്വന്തമാക്കി കേരളസഭയിൽ/ പ്രാദേശികസഭയിൽ സർവതല സ്പർശിയായ നവീകരണം സാധ്യമാക്കണം.

d. നവീകരണ പ്രക്രിയ ഫലപ്രാപ്തിയിൽ എത്തുവോളം വിശകലനങ്ങളും വിലയിരുത്തലുകളും തുടർനടപടികളും നടപ്പിലാക്കണം. അതിനാവശ്യമായ സംവിധാനങ്ങൾ ഒരുക്കണം.

## VII. നവീകരണത്തിനു അഞ്ച് പടവുകൾ

7. നവീകരണ പ്രക്രിയയിലെ പഠനങ്ങളുടെ വെളിച്ചത്തിൽ പ്രാധാനമായും അഞ്ച് പടവുകളാണ് ഉള്ളത്.

a. നവീകരണ മേഖലയിലെ മുൻഗണന (priority) നിർണയിക്കുക.

b. മുൻഗണനാക്രമത്തിൽ തയ്യാറാക്കപ്പെട്ട വിഷയങ്ങളുടെ അടിസ്ഥാനത്തിൽ ചോദ്യങ്ങൾ ഒരുക്കുക.

c. തയ്യാറാക്കപ്പെട്ട ചോദ്യങ്ങളുടെ അടിസ്ഥാനത്തിൽ വിഷയങ്ങളുടെ രൂപരേഖ (Lineamenta) തയ്യാറാക്കുക.

d. രൂപരേഖയുടെ അടിസ്ഥാനത്തിൽ രൂപതാ-ഇടവക തലങ്ങളിൽ ചർച്ചകൾ നടക്കുക.

e. മുൻഗണനയനുസരിച്ച് നവീകരണം നടപ്പിലാക്കുക.

## VIII. മൂന്നു പ്രവർത്തനമേഖലകൾ

8. സംസ്ഥാന-രൂപത-ഇടവക-കുടുംബ തലങ്ങളിലാണ് പ്രധാനമായും നവീകരണം സംഭവിക്കേണ്ടത്. അതിന് ആവശ്യമായ ക്രമീകരണങ്ങളാണ് രൂപപ്പെടുത്തേണ്ടത്.

a. **കേരളസഭാതലം:** ടീമുകളുടെ രൂപീകരണം, ബോധവത്ക്കരണം, ആസൂത്രണം, വിലയിരുത്തലുകൾ

b. **രൂപതാതലം:** ടീമുകളുടെ രൂപീകരണം (വികാരി ജനറാളിന്റെ നേതൃത്വത്തിലായിരിക്കും രൂപതാ ടീമിന്റെ രൂപീകരണം), ബോധവത്ക്കരണം (പിഒസിയിൽ നിന്നുള്ള റിസോഴ്സ് ടീമിനെ പ്രയോജനപ്പെടുത്താവുന്നതാണ്), ആസൂത്രണം, വിലയിരുത്തലുകൾ

c. **ഫെറോനാ-ഇടവകതലങ്ങൾ:** ടീമുകളുടെ രൂപീകരണം, ബോധവത്ക്കരണം (രൂപതയിൽ നിന്നുള്ള റിസോഴ്സ് ടീം നേതൃത്വം കൊടുക്കണം), ആസൂത്രണം, വിലയിരുത്തലുകൾ.

## IX. നവീകരണത്തിന് 3 ഘട്ടങ്ങൾ

9. കേരളസഭാ നവീകരണം പ്രധാനമായും മൂന്നു ഘട്ടങ്ങളിലായി സംഘടിപ്പിക്കപ്പെടേണ്ടതാണ്.

a. ഒന്നാംഘട്ടം (2022–2023) – ശ്രവണവും ആസൂത്രണവും

b. രണ്ടാംഘട്ടം (2023–2024) – നവീകരണം നടപ്പിൽവരുത്തൽ

c. മൂന്നാംഘട്ടം (2024–2025) – നവീകരണത്തിന്റെ വിലയിരുത്തലുകളും തുടർനടപടികളും

## A. ശ്രവണകാലം

10. സഭാനവീകരണപ്രവർത്തനങ്ങളുടെ പ്രഥമവർഷം ഒരുക്കത്തിന്റെ കാലമാണ്. അതിൽ ആദ്യകാലം ശ്രവണകാലത്തിന്റേതും. സഭാനേതൃത്വത്തിലുള്ളവരെ മാത്രം കേൾക്കാതെ സാമൂഹിക-രാഷ്ട്രീയ-സാംസ്കാരിക രംഗത്തുള്ളവരെയും യുവജനങ്ങളെയും സാധാരണക്കാരെയും കേൾക്കാൻ അവസരമുണ്ടാകണം. സ്ഥിരം കേൾക്കുന്നവരെ തന്നെ കേൾക്കുന്ന രീതി മാറണം. സംസ്ഥാനതലത്തിൽ ചിന്തിക്കുമ്പോൾ, മൂന്നു സഭകളുടെയും സെക്രട്ടറിയേറ്റുകൾ, രൂപതാപ്രതിനിധികൾ, വൈദികർ, സന്ന്യസ്തർ, യുവജനങ്ങൾ, ഇതരസഭാനേതൃത്വം, ഇതരമതനേതൃത്വം, കെസിബിസി കമ്മീഷനുകൾ തുടങ്ങിയ വിവിധ മേഖലകളിലുള്ളവരെ കേൾക്കാൻ അവസരം ഒരുക്കണം. രൂപതാതലത്തിൽ ചർച്ചകൾ നടക്കുമ്പോൾ വൈദിക സെനറ്റ്, പാസ്റ്ററൽ കൗൺസിൽ, വിവിധ ശുശ്രൂഷാ സംവിധാനങ്ങൾ, യുവജനങ്ങൾ, മറ്റു പ്രതിനിധികൾ എന്നിവരെ കേൾക്കാൻ അവസരം ഒരുക്കണം. ഇടവകതലത്തിലുള്ള ചർച്ചകളിൽ പാരിഷ് കൗൺസിൽ, കുടുംബയൂണിറ്റ് സംവിധാനങ്ങൾ, ശുശ്രൂഷാ സംവിധാനങ്ങൾ, യുവജനങ്ങൾ, എന്നിവരെയും കേൾക്കാൻ അവസരം ഉണ്ടാകണം.

11. കഴിഞ്ഞ 10 വർഷത്തിനുള്ളിൽ സഭയ്ക്കു പൊതു സമൂഹത്തിലുണ്ടായിട്ടുള്ള പ്രതിച്ഛായ എന്താണ് എന്നറിയണം. അതനുസരിച്ച്, പരിഹാരനടപടികൾ ആസുത്രണം ചെയ്യണം. ആഗോള സിനഡ് ലക്ഷ്യംവയ്ക്കുന്നതുപോലെ, കേരളസഭയിൽ സംവാദത്തിന്റെയും

പരസ്പരമുള്ള ശ്രവിക്കലിന്റെയും സമവായത്തിന്റെയും പങ്കാളിത്തത്തിന്റെയും കൂട്ടായ്മയുടെയും സംസ്കാരം ശക്തിപ്രാപിക്കണം. എല്ലാ സംഭാഷണങ്ങളുടെയും കൂടിച്ചേരലുകളുടെയും സഹഗമനത്തിന്റെയും ലക്ഷ്യം അവയിലൂടെയെല്ലാം വെളിപ്പെടുന്ന പരിശുദ്ധാത്മാവിന്റെ സ്വരത്തിന് കാതുകൊടുക്കുന്നതും അതനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുന്നതുമായിരിക്കണം.

## B. നവീകരണകാലം

12. കേരളസഭയിൽ 2023-2024 കാലഘട്ടം നവീകരണം നടപ്പിൽ വരുത്തുന്ന കാലഘട്ടമായിരിക്കണം. ഈ കാലഘട്ടത്തിൽ നവീകരണ മേഖലകളുടെ മുൻഗണന ക്രമമനുസരിച്ച് സഭയുടെ സംസ്ഥാന-രൂപത-ഇടവക-കുടുംബതലങ്ങളിൽ നവീകരണം സംഭവിക്കണം.

## C. തുടർനവീകരണകാലം

13. 2024-2025 കാലഘട്ടം തുടർനവീകരണ കാലഘട്ടമായിരിക്കണം. ഇക്കാലത്ത് സംസ്ഥാന-രൂപതാതലങ്ങളിലുള്ള മോണിറ്ററിംഗ് കമ്മിറ്റികൾ നടപ്പിൽ വരുത്തിയ നവീകരണങ്ങളെ വിലയിരുത്തുകയും വീഴ്ചകൾ പരിഹരിക്കുകയും ചെയ്യണം. 2033 രക്ഷയുടെ മഹാജൂബിലിവരെ തുടർ നവീകരണ പ്രക്രിയകൾ തുടരും.

# ഭാഗം രണ്ട്

## X. നവീകരണത്തിന്റെ അടിസ്ഥാനഭാവങ്ങൾ: കൂട്ടായ്മയും പ്രേഷിതാഭിമുഖ്യവും

## A. കൂട്ടായ്മ

14. "സഭ" (ecclesia) എന്ന വാക്കിന്റെ അർത്ഥം "വിളിച്ചുകൂട്ടപ്പെട്ടവരുടെ സമൂഹം" എന്നാണ്. ദൈവജനത്തെ രൂപപ്പെടുത്താൻ വേണ്ടി ദൈവം ജ്ഞാനസ്നാനം എന്ന കൂദാശവഴി വിളിച്ചുകൂട്ടുന്നവരുടെ സമ്മേളനത്തെയാണ് അതു സൂചിപ്പിക്കുന്നത്. ക്രിസ്തു ശിരസ്സായുള്ള ശരീരമാണ് സഭ. അവൾ അവിടുന്നുവഴിയും അവിടുന്നിലും അവിടുത്തേക്കുവേണ്ടിയും ജീവിക്കുന്നു; അവിടുന്ന് അവളോടു കൂടിയും അവളിലും ജീവിക്കുന്നു (CCC 807). ദിവ്യകാരുണ്യത്താൽ പരിപോഷിപ്പിക്കപ്പെടുന്ന ദൈവജനം ക്രിസ്തുവിന്റെ ശരീരമായി

ത്തീരുന്നു (CCC 777). വിശുദ്ധകുർബാനവഴി, ക്രിസ്തുവിന്റെ ശരീരത്തിൽ യഥാർത്ഥത്തിൽ നാം പങ്കുചേരുകയും പരസ്പരമുള്ള ഐക്യത്തിലേക്ക് സംവഹിക്കപ്പെടുകയും ചെയ്യുന്നു (LG 7).

15. ശരീരത്തിന്റെ ഐക്യം അവയവങ്ങളുടെ വൈവിധ്യത്തെ നശിപ്പിക്കുന്നില്ല. 'സഭയിലെ വൈവിധ്യം ഐക്യം ഹനിക്കുകയല്ല; പ്രത്യുത, അതിനെ കൂടുതൽ സ്പഷ്ടമാക്കുകയാണ്. ഓരോ വ്യക്തി സഭയുടെയും അഥവാ റീത്തിന്റെയും പാരമ്പര്യങ്ങൾ ഭദ്രമായും അഭംഗുരമായും നിലനില്ക്കണമെന്നതാണ് കത്തോലിക്കാ സഭയുടെ ലക്ഷ്യം' (OE2) ക്രിസ്തുശരീരത്തിലെ വിവിധ അവയവങ്ങളാണ് നാം. "നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും ഓരോരുത്തരും അതിലെ അവയവങ്ങളുമാണ്" (1 കോറി 12:27). "ഒരു അവയവം എന്തെങ്കിലും സഹിക്കുമ്പോൾ എല്ലാ അവയവങ്ങളും ഒരുമിച്ചു സഹിക്കുന്നു; ഒരു അവയവം ബഹുമാനിക്കപ്പെടുമ്പോൾ എല്ലാ അവയവങ്ങളും ഒന്നിച്ചു സന്തോഷിക്കുന്നു" (LG 7; 1 കോറി 12:26).

16. അലക്സാണ്ഡ്രിയായിലെ വിശുദ്ധ സിറിൽ പ്രസ്താവിക്കുന്നതുപോലെ, "ഒരേ ആത്മാവിനെ, അതായത് പരിശുദ്ധാത്മാവിനെ, സ്വീകരിച്ച നമ്മൾ എല്ലാവരും ഒരർത്ഥത്തിൽ പരസ്പരവും ദൈവത്തോടും ഒന്നു ചേർക്കപ്പെട്ടിരിക്കുന്നു... നമ്മൾ പലരാണെങ്കിലും ഒന്നാണ്, അവിഭാജ്യവുമാണ്. ക്രിസ്തുവിന്റെ തിരുശരീരത്തിന്റെ ശക്തി, അതുൾക്കൊള്ളുന്നവരെ ഒറ്റ ശരീരമായിത്തീർക്കുന്നു. അതുപോലെ എല്ലാവരിലും വസിക്കുന്ന ഏറ്റവും അവിഭാജ്യവുമായ ദൈവാത്മാവ് എല്ലാവരെയും ആദ്ധ്യാത്മികമായ ഐക്യത്തിലേക്ക് നയിക്കുന്നു" (from the Commentary on the Gospel of John by Cyril of Alexandria, Lib. 11,11; p.74 ; cfr. pp. 559-562). ആദിമസഭയിൽ പ്രതിസന്ധികളും പ്രശ്നങ്ങളും ഉടലെടുത്തപ്പോൾ പരിശുദ്ധാത്മാവിന്റെ സ്വരത്തിന് കാതോർത്തുകൊണ്ട് അവ പരിഹരിച്ച പാരമ്പര്യമാണ് സഭ തുടർന്നുപോരുന്നത്. ജറുസലേം കൗൺസിൽ വഴിയും കൂട്ടായ ചർച്ചകളും പ്രാർത്ഥനകളും വഴിയും സഭാനേതൃത്വത്തോടുള്ള വിധേയത്വം വഴിയും സഭയിൽ കൂട്ടായ്മയും പങ്കാളിത്തവും പ്രേഷിതദൗത്യവും നിലനിർത്തിപ്പോന്നു. അതുകൊണ്ട് സഭയിൽ കുട്ടായ്മയ്ക്കു കുറവുവന്നാൽ സഭ അതിന്റെ ദൗത്യത്തിൽ പരാജയപ്പെടും എന്ന് സഭയ്ക്ക് ബോധ്യമുണ്ട്.

17. സഭാസമൂഹങ്ങളുടെ ഐക്യത്തിന്റെയും വൈവിധ്യത്തിന്റെയും പ്രതിബിംബമാണ് പുതിയ രീതിയിൽ സഭയായിരിക്കുന്ന (a new way

of being the Church) അടിസ്ഥാന ക്രൈസ്തവസമൂഹങ്ങളും (BCC), ചെറിയ ക്രൈസ്തവസമൂഹങ്ങളും (SCC). ഫാമിലി യൂണിറ്റുകളിലെ അഥവാ സ്നേഹസമൂഹങ്ങളിലെ വചന വിചിന്തനവും ചർച്ചയും പ്രാർത്ഥനയും വഴിയായി സമൂഹങ്ങളുടെ പ്രശ്നങ്ങൾ തിരിച്ചറിയാനും, പരിഹാരം കണ്ടെത്തുവാനും എല്ലാ വൈവിധ്യങ്ങളും അംഗീകരിച്ച് പ്രത്യാശയോടും ഐക്യത്തോടും കൂടെ മുന്നേറാനും നമുക്കു കഴിയണം.

18. രണ്ടാംവത്തിക്കാൻ കൗൺസിലിന്റെ അരൂപിയിൽ, സിനഡാത്മകതയെന്നാൽ എല്ലാവരുടെയും കൂട്ടായ ഉത്തരവാദിത്വവും ശുശ്രൂഷയുമാണ്. കൂട്ടായി തീരുമാനങ്ങൾ എടുക്കുന്നതിനും അജപാലന പരമായ വെല്ലുവിളികൾക്ക് വ്യക്തമായ പ്രതികരണം നല്കുന്നതിനും സംവാദത്തിന്റെയും പരസ്പരമുള്ള ശ്രവിക്കലിന്റെയും ആത്മീയ വിവേചിച്ചറിയലിന്റെയും (discernment) സമവായത്തിന്റെയും കൂട്ടായ്മയുടെയും പങ്കാളിത്തത്തിന്റെയും സംസ്കാരം ശക്തിപ്പെടണം. സഭയിൽ കൂട്ടായ ഉത്തവാദിത്വവും ശുശ്രൂഷയുടെ അരൂപിയും വളർന്നുവരണം.

19. സഭയായിരിക്കുക എന്നതിന്റെ അർത്ഥം ദൈവികപദ്ധതിയനുസരിച്ച് ദൈവജനമായിരിക്കുക എന്നതാണ്. ലോകത്തിൽ നമ്മൾ പുളിമാവായിരിക്കണം. അവിടന്ന് നമ്മെ ഒറ്റപ്പെട്ട വ്യക്തികൾ എന്നനിലയിലല്ല വിളിച്ചത്, ഒരു ജനതയെന്ന നിലയിലാണ് (GS 22). ഒരു വ്യക്തിയും ഒറ്റയ്ക്കു രക്ഷപ്പെടുന്നില്ല. ഒരു വ്യക്തിയും സ്വന്തം പരിശ്രമം കൊണ്ടുമാത്രം രക്ഷിക്കപ്പെടുന്നില്ല. വൈയക്തിക ബന്ധങ്ങളുടെ സങ്കീർണമായ പരസ്പരബന്ധമാണ് ദൈവം കണക്കിലെടുക്കുന്നത്. പ്രേഷിതരംഗത്ത് ശക്തമായിരിക്കേണ്ട ഒന്നാണ് സഭാംഗങ്ങൾക്കിടയിലെ സാഹോദര്യവും സഹവർത്തിത്വവും.

20. 2018 മേയ് 3-ാം തീയതി അന്താരാഷ്ട്ര ദൈവശാസ്ത്ര കമ്മീഷൻ (International Theological Commission) "സിനഡാത്മകത സഭയുടെ ജീവിതത്തിലും ദൗത്യത്തിലും" (Synodality in the Life and Mission of the Church) എന്നൊരു പ്രമാണരേഖ പുറപ്പെടുവിക്കുകയുണ്ടായി. "മൂന്നാം സഹസ്രാബ്ദത്തിൽ നിശ്ചയമായും ഈ സിനഡാത്മകതയുടെ വഴിയാണ് സഭ തുടരേണ്ടതെന്നാണ് ദൈവം ആഗ്രഹിക്കുന്നത്'' എന്നു ഫ്രാൻസിസ് പാപ്പായുടെ വാക്കുകളോടെയാണ് ഈ രേഖ ആരംഭിക്കുന്നത് (ഖണ്ഡിക 1). ഇക്കാര്യത്തെക്കുറിച്ചുള്ള വേദപുസ്തകവിചിന്തനം അപ്പോസ്തലപ്രവർത്തനങ്ങൾ 15-ാം അധ്യായത്തിന്റെയും ഇതര

വചനങ്ങളുടെയും പശ്ചാത്തലത്തിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു. അതിൽ 21 മുതൽ 23 വരെയുള്ള ഖണ്ഡികകൾ ഏറെ ശ്രദ്ധേയമാണ്.

21. അവരവരുടെ ഉത്തരവാദിത്വങ്ങളും സംഭാവനകളും വഴിയായി സഭയിൽ ഓരോരുത്തരും സജീവമായ ഒരു പങ്കാണ് വഹിക്കുന്നത് (21-ാം ഖണ്ഡിക). പ്രശ്നം ജെറുസലേമിലെ സഭ മുഴുവന്റെയും മുമ്പിലാണ് അവതരിപ്പിക്കപ്പെടുന്നത് (അപ്പ 15:12). പ്രശ്നത്തിന്റെ ഉത്തരം കണ്ടെത്തുന്നതിന്റെ എല്ലാ പ്രക്രിയകളിലും സഭ മുഴുവനും സന്നിഹിതമാണ് (അപ്പ 15:22). അപ്പോസ്തലന്മാരുടെയും ശ്രേഷ്ഠന്മാരുടെയും അഭിപ്രായമാണ് ആദ്യം അന്വേഷിക്കുന്നത്. അവർ അവരുടെ ശുശ്രൂഷയും അധികാരവും അനുസരിച്ച് ആദ്യം അഭിപ്രായങ്ങൾ പറയുന്നു. സംഘാതമായാണ് അവർ തീരുമാനം എടുക്കുന്നത്. തീരുമാനം അറിയിക്കുന്നതാകട്ടെ പരിശുദ്ധാത്മാവിന്റെ പ്രചോദനത്താൽ യാക്കോബാണ്. യാക്കോബാണ് ജെറുസലേമിലെ സഭയെ നയിച്ചത്. യേശുവിന്റെ സുവിശേഷത്തിനോട് വിശ്വസ്തത പുലർത്തുവാൻ സഭയെ സഹായിക്കുന്നത് പരിശുദ്ധാത്മാവാണ്. "പരിശുദ്ധാത്മാവിനും ഞങ്ങൾക്കും തോന്നി" (അപ്പ 15:28); ആ തീരുമാനം ജെറുസലേമിലെ സഭ മുഴുവനും (അപ്പ 15:22), തുടർന്ന് അന്ത്യോക്യായിലെ സഭയും സ്വീകരിക്കുന്നു (അപ്പ 15:30–31). ആദ്യം ഓരോരുത്തരും വ്യത്യസ്തങ്ങളായ അഭിപ്രായങ്ങൾ പറയുന്നെങ്കിലും പരിശുദ്ധാത്മാവിനെ ശ്രവിക്കുന്നതുവഴിയായി അവർ അവസാനം ഒരേ അഭിപ്രായത്തിൽ എത്തിച്ചേരുന്നു ('ഏകകണ്ഠമായി', അപ്പ 15:25). അത് സഭയുടെ സുവിശേഷപ്രവർത്തനത്തിലെ ഒരുമിച്ചുള്ള വിവേചിച്ചറിയലിന്റെ അനന്തരഫലമാണ്.

## B. പ്രേഷിതാഭിമുഖ്യവും സഭാസംവിധാനങ്ങളും

22. പോൾ ആറാമൻ പാപ്പാ പഠിപ്പിക്കുന്നതുപോലെ, സഭ സുവിശേഷകയാണ്; അവൾ ഈ ദൗത്യം ആരംഭിക്കുന്നത് തന്നെത്തന്നെ സുവിശേഷവത്കരിച്ചുകൊണ്ടാണ്. താൻ വിശ്വസിക്കുന്ന കാര്യങ്ങൾ അവൾ ഇടതടവില്ലാതെ കേട്ടുകൊണ്ടിരിക്കണം; തന്റെ പ്രത്യാശയ്ക്കുള്ള കാരണങ്ങളും സ്നേഹപ്രമാണത്തെക്കുറിച്ചും അവൾ കേൾക്കണം (EN 41). ഈ സഭയിലാണ് പ്രേഷിത ശിഷ്യരുണ്ടാകുന്നത്. സഭയുടെ എല്ലാ പ്രഘോഷണങ്ങളുടെയും ആദ്യസ്വീകർത്താവ് സഭ തന്നെയാവണം. മറ്റുള്ളവർക്കുവേണ്ടിയല്ല, സഭയ്ക്കുവേണ്ടിത്തന്നെയാണ് സുവിശേഷപ്രഘോഷണം ആദ്യമായി നടക്കേണ്ടത്. ഫ്രാൻസിസ് പാപ്പാ ഉദ്ബോ

ധിപ്പിക്കുന്നു, സഭയെ നമ്മൾ ഒരു NGO ആക്കരുത് (GE 100). സഭ സഭയോട് സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ സഭ സഭയല്ലാതാകും; മറിച്ച്, ഒരു സാമ്രാജ്യശക്തിയോ സമുദായമോ ലൗകികസംവിധാനമോ ഒക്കെ ആയിത്തീരും. സുവിശേഷ മൂല്യങ്ങൾ സഭയുടെ അകവും പുറവും നിർണയിക്കുമ്പോഴാണ് സഭ പ്രേഷിതയാവുന്നത്. എല്ലാ ക്രൈസ്തവരും ജ്ഞാനസ്നാനപ്പെട്ട് അയയ്ക്കപ്പെട്ടവരാണ്. പ്രേഷിതാഭിമുഖ്യം സംജാതമാകുന്നത് സഭ നിരന്തരം മാനസാന്തരത്തിനു തയ്യാറാകുമ്പോഴാണ് (ecclesia semper reformanda).

23. ക്രിസ്ത്യാനികൾ ജനിക്കുകയല്ല, ജ്ഞാനസ്നാനം വഴി ജനിപ്പിക്കപ്പെടുകയാണ്. എന്നാൽ, സഭയെ അതിന്റെ പുരോഹിതഘടകത്തിലേക്ക് ചുരുക്കാനുള്ള പ്രലോഭനം നമുക്കുണ്ട് എന്ന് തെർത്തുല്യൻ പറഞ്ഞു (ജ്ഞാനസ്നാനം നല്കപ്പെട്ട് അയയ്ക്കപ്പെട്ടവർ, 76). ജ്ഞാനസ്നാനമാണ് പ്രേഷിത കൂദാശ. ഒരുവന്റെ വിശ്വാസം പരസ്യമാക്കുന്ന ഈ കൂദാശവഴി പ്രേഷിതശിഷ്യരായി ഓരോരുത്തരും അയയ്ക്കപ്പെടുന്നു. ഫ്രാൻസിസ് പാപ്പാ ഓർമ്മിപ്പിക്കുന്നതുപോലെ, നമ്മുടെ വ്യക്തിത്വത്തിൽ എന്നേക്കുമായി മുദ്രയിട്ട ആദ്യകൂദാശ ജ്ഞാനസ്നാനമാണ്. നമ്മുടെ ആദ്യത്തെ വിശുദ്ധീകരണം ജ്ഞാനസ്നാനത്തിൽ നടന്നതാണ്. ഒരാളും വൈദികനോ മെത്രാനോ ആയി ജ്ഞാനസ്നാനം സ്വീകരിക്കുന്നില്ല. അല്മായരായിട്ടാണ് നമ്മൾ ജ്ഞാനസ്നാനപ്പെട്ടത്. അത് നമ്മിൽ മായാത്ത മുദ്ര പതിപ്പിക്കുകയും ചെയ്തു (ജ്ഞാനസ്നാനം നല്കപ്പെട്ട് അയയ്ക്കപ്പെട്ടവർ, 76). എല്ലാവരും പ്രേഷിത ശിഷ്യർ (missionary disciples) ആണെന്നുള്ള ചിന്തയും വേണം.

## a. രൂപത

24. സ്വന്തം മെത്രാന്റെ നേതൃത്വത്തിലുള്ള ഓരോ പ്രാദേശികസഭയും കത്തോലിക്കാസഭയുടെ ഭാഗമെന്ന നിലയിൽ പ്രേഷിതത്വപരമായ മാനസാന്തരത്തിനു വിളിക്കപ്പെട്ടിരിക്കുന്നു. പ്രാദേശികസഭ (രൂപത) ഒരു പ്രത്യേക സ്ഥലത്ത് രൂപപ്പെടുന്ന സഭയാണ്. ക്രിസ്തു നല്കിയ രക്ഷയുടെ എല്ലാ മാർഗ്ഗങ്ങളും അതിനുണ്ട്. “എവിടെയെല്ലാം ഉത്ഥിതനായ ക്രിസ്തുവിന്റെ പ്രകാശവും ജീവനും ഏറ്റവും കൂടുതൽ ആവശ്യമായിരിക്കുന്നുവോ അവിടെയെല്ലാം സന്നിഹിതമായിരിക്കാൻ” (EG 30) പ്രാദേശികസഭയ്ക്കാവും. അവിടെ ആദിമക്രൈസ്തവസമൂഹങ്ങളുടെ ആദർശമനുസരിച്ചുള്ള പ്രേഷിതകൂട്ടായ്മകൾ പരിപോഷിപ്പിക്കണം.

"സ്നേഹത്തിലൂടെ പ്രവർത്തനനിരതമാകുന്ന വിശ്വാസമാണ്" (ഗലാ 5:6) സഭയുടെ അജപാലന ശുശ്രൂഷകളിൽ നിറഞ്ഞുനില്ക്കേണ്ടത്.

## b. വൈദികർ, സന്ന്യസ്തർ

25. പ്രേഷിത തീക്ഷ്ണതയുള്ള അജപാലനശുശ്രൂഷ സഭയിൽ വളരേണ്ടത് അനിവാര്യമാണ്. പ്രേഷിതപ്രവർത്തനം ഇടവകയിലെ അജപാലകന്റെ ശുശ്രൂഷയാണെന്ന് നാം വിസ്മരിച്ചുകളയുന്നു. മുൻകാലത്ത് സന്ന്യാസ സമൂഹങ്ങളായിരുന്നു മിഷണറിമാർ എന്നതാകാം നമ്മുടെ ഈ മനഃസ്ഥിതിക്കുകാരണം. എന്നാൽ സഭയിൽ അജപാലനശുശ്രൂഷയും പ്രേഷിതശുശ്രൂഷയും രണ്ടു തട്ടുകളിലല്ല. പ്രേഷിതദൗത്യത്തിലെ ആശയക്കുഴപ്പം വിശ്വാസജീവിതത്തിലെ ഒരു പ്രതിസന്ധിയാണ്. കാരണം, അവ പരസ്പരപൂരകമാണ് (RM 2). അജപാലന ശുശ്രൂഷയ്ക്കും ഭവനസന്ദർനങ്ങൾക്കും സഹഗമനത്തിനുമൊക്കെ സമയം കണ്ടെത്താത്ത അജപാലകരുടെ എണ്ണം കൂടിവരുന്നത് ആശങ്കയുളവാക്കുന്നതാണ്. പ്രേഷിത സ്വഭാവം നഷ്ടപ്പെട്ട സമർപ്പിതസമൂഹം എല്ലാം സ്വാഭാവികമായി നടക്കുന്നുവെന്ന് ധാരണ ഉളവാക്കും. സുവിശേഷവത്കരണത്തിന്റെ സന്തോഷം നമ്മിൽ നിന്ന് പിടിച്ചു പറിക്കപ്പെടാൻ നാം അനുവദിക്കരുത്. സഭയിലെ മറ്റേതൊരു അംഗത്തെയും പോലെ സ്വയം സുവിശേഷവത്കരിക്കപ്പെടേണ്ടവരാണ് തങ്ങൾ എന്ന ബോധ്യത്തിൽ സമർപ്പിതർ നിരന്തരം ജീവിക്കണം.

26. പൗരോഹിത്യത്തിലേക്കും സമർപ്പിത ജീവിതത്തിലേക്കുമുള്ള ദൈവവിളികളുടെ ദൗർലഭ്യം ഇന്ന് ഏറിവരുന്നു. യഥാർത്ഥ സുവിശേഷവത്കരണം കുടുംബങ്ങളിലും സമൂഹത്തിലും സംഭവിക്കുമ്പോഴാണ് ക്രിസ്തുവിനെ എല്ലാവർക്കും എല്ലായിടത്തും എത്തിച്ചുകൊടുക്കാനുള്ള സുവിശേഷ തീക്ഷ്ണത യുവതീയുവാക്കളിൽ മുളയെടുക്കുന്നത്. ജീവിതകാലം മുഴുവൻ നിലനില്ക്കുന്ന സമർപ്പണത്തിന് വ്യക്തികൾ തയ്യാറാകുന്നത് ആഴമായ വിശ്വാസാനുഭവത്തിന്റെ അടിസ്ഥാനത്തിലാണ്. സഹോദരപരമായ ജീവിതവും സമൂഹതീക്ഷ്ണതയുമുള്ള ഇടവക സമൂഹങ്ങളിൽ നിന്ന് കൂടുതൽ ദൈവവിളികൾ ഉണ്ടാകാറുണ്ട്. മാതാപിതാക്കളുടെ നിരന്തരമായ തപസിന്റെയും പ്രാർത്ഥനയുടെയും അനന്തരഫലമാണ് കുടുംബങ്ങളിൽ മുളയെടുക്കുന്ന ദൈവവിളികൾ എന്ന വസ്തുതയും നാം വിസ്മരിക്കരുത്.

## c. അല്മായർ

27. "ഓരോ പുരുഷനും ഓരോ സ്ത്രീയും ഒരു പ്രേഷിതദൗത്യമാണ്; ഈ ഭൂമിയിൽ നമ്മുടെ നിലനില്പിന്റെ കാരണവും ഇതുതന്നെ" (ജ്ഞാനസ്നാനം നല്കപ്പെട്ട് അയയ്ക്കപ്പെട്ടവർ, 23). മോശയെപ്പോലെ, വിശ്വാസമുള്ള ആളുകൾ മരുഭൂമി കടക്കാൻ ഉണ്ടായിരിക്കണം. അവർ സ്വന്തം ജീവിതമാതൃകയിലൂടെ വാഗ്ദത്തഭൂമിയിലേക്കുള്ള വഴിചൂണ്ടികാണിക്കുകയും വേണം. ഇത്തരം സാഹചര്യങ്ങളിൽ നമ്മൾ മറ്റുള്ളവർക്ക് പാനംചെയ്യാവുന്ന നീരുറവകളാകാൻ വിളിക്കപ്പെട്ടിരിക്കുന്നു. ചിലപ്പോൾ ഇത് ഭാരമുള്ള കുരിശായിത്തീരും. പക്ഷേ, കുരിശിൽനിന്നാണ്, മുറിവേല്ക്കപ്പെട്ട തന്റെ തിരുവിലാവിൽ നിന്നാണ് കർത്താവായ യേശു തന്നെത്തന്നെ ജീവജലത്തിന്റെ ഉറവയായി നമുക്കു തന്നത്. ക്രിസ്തുശിഷ്യൻ തന്നിലേക്കുതന്നെ വലിയുന്നവനല്ല. തന്നിൽത്തന്നെ അടച്ചുപൂട്ടി കഴിയുകയെന്നത് അന്തർവർത്തിത്വത്തിന്റെ കയ്പുള്ള വിഷം രുചിക്കലാണ്. നാം സ്വാർത്ഥത്തോടെ നടത്തുന്ന ഏതു തിരഞ്ഞെടുപ്പും മനുഷ്യവംശത്തെ കൂടുതൽ മോശമാക്കും. സഹനത്തെ മാറ്റിനിർത്തിക്കൊണ്ടുള്ള ഒരു ക്രിസ്തീയ സാക്ഷ്യം സാധ്യമല്ല. ചിലയാളുകൾ ശരീരവും കുരിശുമില്ലാത്ത തികച്ചും ആത്മീയമായ ക്രിസ്തുവിനെയാണ് ആവശ്യപ്പെടുന്നത്. സ്വയം പരിത്യജിച്ച് കുരിശിന്റെ വഴിയേ നടക്കാനാണ് യേശു ആഹ്വാനം ചെയ്തത്.

28. സഭയിലും സമൂഹത്തിലും സുപ്രധാനമായ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാൻ ആവശ്യമായ പരിശീലനം അല്മായർക്കു ലഭിക്കണം. സഭയ്ക്കുള്ളിലെ ദൗത്യങ്ങളിൽ മാത്രം തളയ്ക്കപ്പെടാതെ സമൂഹത്തിന്റെ പരിവർത്തനത്തിനാവശ്യമായവിധം സുവിശേഷ സാക്ഷികളാകാൻ അല്മായർ പരിശീലിപ്പിക്കപ്പെടണം. ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവുമായി (മത്താ 5:13–14) പ്രേഷിതത്വപരമായ ഉത്തരവാദിത്വം ഏറ്റെടുക്കേണ്ട സഭാമക്കൾ പിന്നിലേക്ക് വലിയുന്നു. തങ്ങളുടെ ഒഴിവു സമയം പിടിച്ചുപറിക്കുന്ന ഏത് ഉത്തരാദിത്വവും ഒഴിവാക്കാൻ അല്മായർ പരിശ്രമിക്കുന്നു. മതബോധന ജോലിയിൽപ്പോലും കുറെക്കാലം പിടിച്ചുനില്ക്കാൻ സന്മനസ്സുള്ള, പരിശീലനം സിദ്ധിച്ച വിശ്വാസപ്രബോധകരെ ഇടവകയിൽ കണ്ടെത്താൻ വലിയ പ്രയാസമായിരിക്കുന്നു. അല്മായരുടെ പരിശീലനവും തൊഴിൽപരവും ബൗദ്ധികവുമായ ജീവിതത്തിന്റെ സുവിശേഷവത്കരണവും ശ്രദ്ധേയമായ അജപാലന വെല്ലുവിളിയാണ്.

## d. ഇടവക

29. "ഇടവകയെന്നത് ഒരു പ്രാദേശിക സഭയുടെ സാന്നിധ്യമാണ്. ദൈവവചനശ്രവണത്തിനും ക്രൈസ്തവജീവിതത്തിലുള്ള വളർച്ചയ്ക്കും സംവാദത്തിനും പ്രഘോഷണത്തിനും ജീവകാരുണ്യപ്രവർത്തനത്തിനും ആരാധനയ്ക്കും ആഘോഷത്തിനും വേണ്ടിയുള്ള ഒരു സാഹചര്യമാണത്" (EG 28). ഈ മേഖലകളെ പ്രേഷിതചൈതന്യത്തിൽ സജീവമാക്കണം. ജനങ്ങളുമായി ബന്ധമില്ലാത്ത ഉപയോഗശൂന്യമായ ഒരു സംവിധാനമോ കാലഹരണപ്പെട്ട ഒരു സ്ഥാപനമോ ആയി ഇടവക മാറരുത്. ഇടവക സമൂഹം എല്ലാവരെയും സ്വാഗതം ചെയ്യുകയും ഉൾക്കൊള്ളുകയും ഏവരോടും തുറവിയോടുകൂടി പെരുമാറുകയും വേണം. അതുവഴി, സാമൂഹിക പ്രതിജ്ഞാബദ്ധതയുള്ള ഒരു പ്രേഷിതസമൂഹമായി ഇടവകകൾ രൂപാന്തരപ്പെടണം. നമ്മളെല്ലാവരും ഒരേ വഞ്ചിയിൽ ഒരേ തുറമുഖത്തേക്ക് യാത്ര ചെയ്യുന്നവരാണ്. അതുകൊണ്ട്, വിശ്വാസികൾക്കിടയിലെ ഭിന്നതയും തർക്കങ്ങളും പരിഹരിക്കാനാവശ്യമായ അനുരഞ്ജനശുശ്രൂഷ ഇടവകകൾതോറും നടക്കണം.

## e. കുടുംബം

30. കുടുംബം സമൂഹത്തിന്റെ മൗലികമായ ജൈവകോശമാണ്. മക്കളാണ് യഥാർത്ഥത്തിൽ വിവാഹത്തിന്റെ സർവോത്കൃഷ്ടമായ ഫലം (GS 50, 1). ഇക്കാര്യത്തിൽ സ്രഷ്ടാവായ ദൈവത്തോട് സഹകരിച്ചുകൊണ്ട് കുടുംബസ്നേഹകൂട്ടായ്മയിൽ ദൈവം നല്കുന്ന ജീവൻ സമൃദ്ധമായി സ്വീകരിക്കാൻ ദമ്പതികൾ തയ്യാറാകണം.

31. കുട്ടികളുടെ സ്വഭാവരൂപീകരണവും വിശ്വാസത്തിലുള്ള വളർച്ചയും മാതാപിതാക്കളുടെ കടമയാണ്. കുടുംബത്തിലാണ് വ്യത്യസ്തകൾക്കിടയിലും ഒന്നിച്ചു ജീവിക്കാനും അപരർക്ക് സ്വന്തക്കാരാകാനും നാം പഠിക്കുന്നത്. കുടുംബബന്ധങ്ങളുടെ ശൈഥില്യം സവിശേഷമാം വിധം ഗൗരവമുള്ളതാണ്.

## f. യുവജനശുശ്രൂഷ

32. പ്രേഷിതവിളിയിൽ ക്രിസ്തുവിന്റെ ഏറ്റവും ശക്തരായ സാരഥികൾ യുവജനങ്ങളാണ്. യുവജനങ്ങളെ ക്ഷമാപൂർവം ശ്രവിക്കാനും അവരുടെ താത്പര്യങ്ങളും ആവശ്യങ്ങളും അംഗീകരിക്കാനും അവർക്കു മനസ്സിലാകുന്ന ഭാഷയിൽ അവരോടു സംസാരിക്കാനും ആവശ്യമായ സംവിധാനങ്ങൾ ഉണ്ടാകണം. യുവജനശുശ്രൂഷയ്ക്ക്

കാലികമായ ഒരു യുവജനനയം രൂപീകരിക്കണം. ഇന്നത്തെ ലോകത്തോട് സുവിശേഷാത്മകമായി സംവദിക്കാൻ പ്രാപ്തിയുള്ള യുവജനങ്ങളെ വാർത്തെടുക്കുകയാണ് നമ്മുടെ യുവജനശുശ്രൂഷയുടെ മുഖ്യലക്ഷ്യം. സുവിശേഷ സാക്ഷികളാകാൻ യുവജനങ്ങളെ പ്രോത്സാഹിപ്പിക്കുകയും അവരുടെ പ്രവർത്തനങ്ങളിൽ കൂടെ സഞ്ചരിക്കുകയും വേണം.

## g. കുട്ടികൾ

33. നമ്മുടെ കുട്ടികൾ സഭയുടെ വിലയേറിയ സമ്പത്താണ്. ക്രിസ്തീയസ്നേഹത്തിലും സാമൂഹിക അവബോധത്തിലും വളർന്നുവരാനുള്ള സാഹചര്യങ്ങൾ അവർക്കായി സൃഷ്ടിക്കുന്നതിന് നമുക്ക് കടമയുണ്ട്. തങ്ങളുടെ കുഞ്ഞുങ്ങളുടെ അടിസ്ഥാന വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിന് തയ്യാറാകുന്ന മാതാപിതാക്കൾ അവരിൽ നല്ല ശീലങ്ങളും നന്മയിലേക്കുള്ള സ്വാഭാവികമായ ചായ്‌വും വളർത്തുന്നതിൽ ശ്രദ്ധവയ്ക്കേണ്ടതുണ്ട്. കുട്ടികളുടെ ബോധ്യങ്ങളെയും ലക്ഷ്യങ്ങളെയും ആഗ്രഹങ്ങളെയും സ്വപ്നങ്ങളെയും നേർവഴിക്ക് നയിക്കാൻ ഉതകുന്ന വിദ്യാഭ്യാസം അവർക്കു ലഭിക്കുന്നുവെന്ന് നാം ഉറപ്പുവരുത്തുന്നതോടൊപ്പം അവരുടെ വിശ്വാസജീവിതം നമ്മുടെ വലിയ കടമയും ഉത്തരവാദിത്വവുമാണെന്നു മറന്നുകൂടാ. യേശു തങ്ങളുടെ രക്ഷകനാണെന്ന ഉറച്ച ബോധ്യം കുട്ടികളിൽ ജനിപ്പിക്കാൻ നമ്മുടെ വിശ്വാസപരിശീലനത്തിന് കഴിയണം. ദൈവസ്നേഹവും പരസ്നേഹവും കുട്ടികളിൽ ആഴപ്പെടുന്നതിനും അവർ ക്രിസ്തുവിന്റെ പ്രേഷിതരും സജീവസാക്ഷികളുമായി രൂപാന്തരപ്പെടുന്നതിനും ഉതകുന്ന രീതിയിൽ വിശ്വാസപരിശീലനവും വിദ്യാഭ്യാസവും കാലികമായി നവീകരിക്കണം. കുട്ടികളിൽ പ്രേഷിതതീക്ഷ്ണത വളർത്താൻ ഉപകരിക്കുന്ന സംഘടനകളും സഖ്യങ്ങളും ഇടവകകളിൽ സജീവമായി നടക്കുന്നുവെന്ന് ഉറപ്പുവരുത്തണം.

## h. സ്ത്രീകൾ

34. സഭയിലും സമൂഹത്തിലും ഇന്ന് സ്ത്രീകൾ അനുഭവിക്കുന്ന വിവേചനങ്ങളും കഷ്ടപ്പാടുകളും നിരവധിയാണ്. അവരെ ശുശ്രൂഷിക്കുന്നതിനും മുൻനിരയിലേക്ക് കൈപിടിച്ചുയർത്തുന്നതിനും സ്ത്രീകൾതന്നെ പ്രാപ്തരാകണം. സ്ത്രീകളുടെ കൂടുതൽ സാന്നിധ്യത്തിനുവേണ്ടി കൂടുതൽ വിശാലമായ അവസരങ്ങൾ സൃഷ്ടിക്ക

പ്പെടണം. സഭയുടെയും സാമൂഹിക സംവിധാനങ്ങളുടെയും സുപ്രധാന തീരുമാനങ്ങളെടുക്കുന്ന വ്യത്യസ്ത മണ്ഡലങ്ങളിൽ സ്ത്രീ സാന്നിധ്യം ഉറപ്പുവരുത്തണം. അതിനാൽ സമൂഹത്തിൽ വനിതാ നേതൃത്വത്തിനായുള്ള ശുശ്രൂഷകൾ സ്ഥാപിക്കുകയും കാര്യക്ഷമമാക്കുകയും വേണം.

## i. സഭാസ്ഥാപനങ്ങളും സംവിധാനങ്ങളും

35. സഭയുടെ പ്രേഷിത ദൗത്യനിർവഹണത്തിന്റെ അവശ്യഘടകങ്ങളാണ് സഭയിലെ എല്ലാ സ്ഥാപനങ്ങളും സംവിധാനങ്ങളും. സഭാസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ക്രിസ്തുസ്നേഹത്തെ വിളിച്ചോതുന്ന വിധം സഭയുടെ പ്രേഷിത മുഖം വെളിവാക്കുന്നതാകുമ്പോൾ മാത്രമാണ് യഥാർത്ഥ സുവിശേഷവത്ക്കരണവേദികളും ഉപാധികളുമായി സഭാസ്ഥാപനങ്ങൾ മാറുന്നത്. സഭയിലെ എല്ലാ സ്ഥാപനങ്ങളും സുവിശേഷവത്കരിക്കപ്പെടുകയും ലോകവുമായി നിരന്തരസംഭാഷണത്തിൽ ഏർപ്പെടുകയും വേണം (cfr EG 29).

36. എല്ലാ സുവിഷശേഷവത്കരണ പ്രവർത്തനങ്ങളിലും യേശുക്രിസ്തുവിനെപ്പറ്റിയുള്ള പ്രഘോഷണത്തിന് പ്രാഥമ്യം നല്കാതെ, യഥാർത്ഥ സുവിശേഷവത്കരണം ഉണ്ടായിരിക്കുകയില്ല. പ്രേഷിത ദൗത്യ നിർവഹണം ക്രിസ്തുവിനെ കണ്ടുമുട്ടുന്നതിൽ നിന്ന് ആരംഭിച്ച് സഹോദരനെ കണ്ടുമുട്ടുന്നതിൽ ചെന്നെത്തിനില്ക്കണം. മറ്റുള്ളവരുമായി മുഖാഭിമുഖം ഇടപെടുന്നതിന്റെ അപകടസാധ്യത ഏറ്റെടുക്കാൻ സുവിശേഷം നമ്മോട് ആവശ്യപ്പെടുന്നു. "ലോകം മുഴുവനും നമുക്ക് സ്ഥിരമായി പ്രേഷിതാവസ്ഥയിലായിരിക്കാം" (EG 25).

# ഭാഗം മൂന്ന്

## XI. കേരള/പ്രാദേശിക സഭാനവീകരണത്തിന്റെ മേഖലകൾ

37. ക്രൈസ്തവർ തങ്ങളുടെ പ്രവൃത്തിയിലും വാക്കിലും നമ്മുടെ കർത്താവിനു സാക്ഷ്യം വഹിക്കുന്നതിൽ ലജ്ജിക്കാൻ പാടില്ല (2തിമോ 1:8). എല്ലാ ക്രൈസ്തവർക്കും – അവർ എവിടെ ജീവിച്ചാലും – തങ്ങളുടെ ജീവിതംവഴിയും, തങ്ങളുടെ വാക്കിന്റെ സാക്ഷ്യംവഴിയും, മാമ്മോദീസായിൽ തങ്ങൾ ധരിച്ച പുതിയ മനുഷ്യനെയും സ്ഥൈര്യലേപനത്തിൽ തങ്ങൾ ആരുവഴി ശക്തരാക്കപ്പെട്ടുവോ ആ പരിശുദ്ധാത്മാ

വിന്റെ ശക്തിയെയും വെളിവാക്കാനുള്ള കടമയുണ്ട്" (AG 11). "സാക്ഷ്യം വഴിയാണ് സർവോപരി സുവിശേഷം പ്രഖ്യാപിക്കപ്പെടേണ്ടത്... സുവിശേഷസാക്ഷ്യം നിർവ്വഹിക്കുന്നതിനുള്ള കടമ എല്ലാ ക്രിസ്ത്യാനികൾക്കുമുള്ളതാണ്" (EN 21). "ദൈവവചനം സ്വീകരിക്കുകയും ദൈവരാജ്യത്തിനു സ്വയംപ്രതിഷ്ഠിക്കുകയും ചെയ്തിട്ടുള്ള ഒരു വ്യക്തി അതിനു സാക്ഷ്യംവഹിക്കുന്നതിൽ വിമുഖനും അലസനുമായിരിക്കുക എന്നത് ചിന്തിക്കാൻപോലും വിഷമമാണ്" (EN 24). രക്തസാക്ഷിത്വം വിശ്വാസത്തിന്റെ ദൗത്യത്തിനു നല്കപ്പെടുന്ന പരമസാക്ഷ്യമാണ്.

38. സഭയിൽ ഒരു പ്രേഷിത മാനസാന്തരം സംഭവിക്കണം. എന്താണ് പ്രേഷിതമാനസാന്തരം? യേശു പ്രഘോഷിച്ച സുവിശേഷത്തിന്റെ വെളിച്ചത്തിൽ "മനുഷ്യന്റെ ജീവിതമണ്ഡലം മുഴുവൻ രൂപാന്തരം പ്രാപിക്കേണ്ടിയിരിക്കുന്നു. സുവിശേഷസന്ദേശം ജനങ്ങളിൽ പരിവർത്തനം ഉളവാക്കേണ്ടിയിരിക്കുന്നു. സുവിശേഷസന്ദേശത്തിന്റെ ശക്തിവിശേഷം അവരെ സ്പർശിക്കണം. മനുഷ്യവർഗം മുഴുവന്റെയും മനഃസാക്ഷിയുടെ തീരുമാനങ്ങളിലും മൂല്യങ്ങളുടെ നിർണയത്തിലും താല്പര്യങ്ങളുടെ പരിഗണനയിലും ചിന്താഗതിയിലും ജീവിതദർശനത്തിലും പ്രചോദനത്തിലും ദൈവവചനത്തിനും നിത്യരക്ഷയ്ക്കും വിരുദ്ധമായതെല്ലാം പരിത്യജിക്കുന്നതിനുള്ള സന്നദ്ധതയിലും അടിയുറച്ച ഒരു സ്ഥിതിവിശേഷമാണ് എവിടെയും സംജാതമാകേണ്ടത്" (EN 19).

39. ക്രൈസ്തവ ജീവിതത്തിന്റെ എല്ലാ മേഖലകളിലും ഉണ്ടാകേണ്ട മാനസാന്തരമാണിത്. ലളിതവും അടക്കമുള്ളതുമായ ജീവിതശൈലി അനുഷ്ഠിച്ചുകൊണ്ട് ക്രിസ്തീയ ആനന്ദത്തോടും സന്തോഷത്തോടും കൂടി സമഗ്രമാനസാന്തരത്തിന്റെ മാതൃകയായ അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസിനെപ്പോലെ, യഥാർത്ഥമായ സമഗ്രമാനസാന്തരം അനുഭവിക്കാൻ വിശ്വാസികളേവരും വിളിക്കപ്പെട്ടിരിക്കുന്നു. ക്രിസ്തു വിശ്വാസിയായ ഓരോ വ്യക്തിയുടെയും ജീവിതത്തിലും കുടുംബത്തിലും സഭയുടെ എല്ലാ ശുശ്രൂഷാമണ്ഡലങ്ങളിലും ഇത്തരമൊരു പ്രേഷിത മാനസാന്തരം സംഭവിക്കണം.

40. മിഷനറിപ്രവർത്തനമാണ് സഭയുടെ എല്ലാ പ്രവർത്തനങ്ങളുടെയും മാതൃക. അതിനാൽ, ഒരു ആത്മപരിശോധനയ്ക്കു സഭ തയ്യാറാകണം. "സഭ തുളച്ചുകയറുന്ന നോട്ടത്തോടെ തന്നിലേക്കുതന്നെ നോക്കണം.

തന്റെതന്നെ അസ്തിത്വത്തെക്കുറിച്ചു ചിന്തിക്കുകയും വേണം... ക്രിസ്തു സങ്കല്പിക്കുകയും തന്റെ വിശുദ്ധയും കളങ്കരഹിതയുമായ മണവാട്ടിയായി കരുതി സ്നേഹിക്കുകയും ചെയ്ത സഭയും (എഫേ 5:27), സഭ ഇന്ന് ലോകത്തിന്റെ മുമ്പിൽ അവതരിപ്പിക്കുന്ന യഥാർത്ഥ പ്രതിച്ഛായയയും തമ്മിലാണ് താരതമ്യം ചെയ്യേണ്ടത്" (EG 26). അജപാലനപരവും പ്രേഷിതത്വപരവുമായ മാനസാന്തരം സഭയുടെ ശുശ്രൂഷ രംഗങ്ങളിൽ ആവശ്യമാണ്. "കേവലമായ കാര്യസ്ഥത ഇനി ഒരിക്കലും മതിയാവുകയില്ല... സ്ഥിരമായ പ്രേഷിതപ്രവർത്തനാവസ്ഥയിൽ" (EG 25) സഭ ആയിരിക്കണം.

## A. ദൈവജനത്തിന്റെ കൂട്ടായ്മ

41. ക്രിസ്തു ശിരസ്സായുള്ള ശരീരമാണ് സഭ. "നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും ഓരോരുത്തരും അതിലെ അവയവങ്ങളുമാണ്" (1 കോറി 12:27; cfr. കൊളോ 1:8). സഭയായിരിക്കുക എന്നതിന്റെ അർത്ഥം ദൈവികപദ്ധതിയനുസരിച്ച് ദൈവജനമായിരിക്കുക എന്നതാണ്. മനുഷ്യവംശത്തിനിടയിൽ നമ്മൾ പുളിമാവായിരിക്കണം. ദൈവം നമ്മളെ ഒറ്റപ്പെട്ട വ്യക്തികളായിട്ടല്ല വിളിച്ചിരിക്കുന്നത്, ഒരു ജനതയെന്ന നിലയിലാണ് (GS 22).

## ചർച്ചയ്ക്ക്

1. സഭയിലും സഭാംഗങ്ങൾക്കിടയിലും പരസ്പരം ആദരവും വിശ്വാസവും നഷ്ടപ്പെടുന്നുണ്ടോ? കേരളസഭയിൽ വിശ്വാസികൾക്കിടയിൽ വിവിധ റീത്തുകൾ തമ്മിലുള്ള സഹകരണം ശക്തിപ്പെടുത്താൻ ഒന്നിച്ചു പ്രവർത്തിക്കേണ്ട മേഖലകൾ ഏതൊക്കെയായിരിക്കണം?

2. സഭാകൂട്ടായ്മയ്ക്ക് വിരുദ്ധമായ പ്രവണതകൾ രൂപത-ഇടവക തലങ്ങളിൽ ഉണ്ടോ? സഭയിൽ ഐക്യവും കൂട്ടായ്മയും ശക്തിപ്പെടുത്താൻ പരിഹാരമാർഗങ്ങൾ നിർദേശിക്കുക. സഭയിൽനിന്നും പൊതുവായും ഇടവക കൂട്ടായ്മകളിൽ നിന്നും പ്രത്യേകിച്ചും അകന്നുനില്ക്കുന്നവരെ ചേർത്തുനിറുത്താൻ ചെയ്യേണ്ട കാര്യങ്ങൾ നിർദേശിക്കുക.

3. നീതി നിഷേധിക്കപ്പെടുന്ന ദളിത് ക്രൈസ്തവസമൂഹത്തെ സംരക്ഷിക്കാനുള്ള കർമപരിപാടികൾ ആവിഷ്കരിക്കുക. സഭയിലും സമൂഹത്തിലുമുള്ള സംവിധാനങ്ങളിൽ ദളിതർക്കു നീതിപൂർവകമായ പ്രാതിനിധ്യം ഉറപ്പാക്കാൻ നിർദേശങ്ങൾ നല്കുക.

4. രാജ്യത്ത് നിലവിലുള്ള ന്യൂനപക്ഷ അവകാശ നിയമങ്ങളെക്കുറിച്ച് അറിവും ബോധ്യവും നമ്മുടെ ജനങ്ങൾക്ക് എത്രമാത്രമുണ്ട്? അത്തരം അവകാശങ്ങൾ നേടിയെടുക്കാൻ പ്രേരിപ്പിക്കത്തക്കവിധമുള്ള ബോധവത്കരണം നൽകി അർഹതപ്പെട്ടവർക്ക് അവ ലഭിക്കാൻ നമുക്ക് എപ്രകാരം സഹായിക്കാനാവും.

## B. പ്രേഷിത ശുശ്രൂഷ

42. യഥാർത്ഥവും സുദൃഢവുമായ മാനസാന്തരമാണ് സമഗ്രനവീകരണത്തിന് അടിസ്ഥാനമായിട്ടുള്ളത്. ക്രിസ്തുവിന്റെ ശരീരമായ സഭയുടെ ശുശ്രൂഷകളുടെ സമസ്ത മേഖലകളിലും ഈ മാനസാന്തരം സംഭവിക്കണം. ഫ്രാൻസിസ് പാപ്പാ ഓർമ്മിപ്പിക്കുന്നതുപോലെ, 'സഭയെ സംബന്ധിച്ച ഒരു ഐച്ഛിക വിഷയമല്ല പ്രേഷിതപ്രവർത്തനം, കാരണം സഭ പ്രേഷിതയാണ്.' 2022 ജനുവരി 6–ന് ആഗോള പ്രേഷിത ദിനസന്ദേശത്തിൽ ഫ്രാൻസിസ് പാപ്പാ പറഞ്ഞു, "പൂർണമായും പ്രേഷിതയായ ഒരു സഭയെ ഞാൻ സ്വപ്നം കാണുന്നു" (I continue to dream of a completely missionary Church). സഭയുടെ പ്രേഷിത പ്രവർത്തനങ്ങളുടെയും അജപാലന ദൗത്യങ്ങളുടെയും മേഖലയിൽ മാനസാന്തരം സംഭവിക്കണം. പ്രതിരോധനത്തിനു പിറകെ പായുന്ന ഒരു ശൈലി സഭയിൽ രൂപപ്പെടുന്നത് അപകടകരമാണ്. ആത്മീയ ലോകത്തിനപ്പുറം സാമൂഹികവും രാഷ്ട്രീയവുമായ മേഖലകളിൽ സഭയുടെ ശ്രദ്ധ പതിച്ചുകൊണ്ട് 'സുവിശേഷവത്കരണത്തിലൂടെ മാനസാന്തരം സാധ്യമാക്കുക' എന്ന ക്രൈസ്തവധർമ്മത്തിന് ഊന്നൽ നൽകണം.

### ചർച്ചയ്ക്ക്

1. സഭാശുശ്രൂഷകളിൽ പ്രേഷിതാഭിമുഖ്യം നഷ്ടപ്പെടുന്നുണ്ടോ? സഭാപ്രവർത്തനങ്ങൾ കൂടുതൽ പ്രേഷിത ചൈതന്യത്തോടെ ക്രമീകരിക്കാനുള്ള നിർദേശങ്ങൾ നല്കുക.

2. വിവിധ മേഖലകളിൽ പ്രാഗത്ഭ്യമുള്ള സഭാംഗങ്ങളെ സഭയുടെ പ്രേഷിതദൗത്യങ്ങളിൽ ക്രിയാത്മകമായി ഉൾച്ചേർക്കാൻ എന്തുചെയ്യണം?

3. സഭ ലോകത്തിലെ ധാർമികശബ്ദമെന്ന നിലയിൽ സമൂഹത്തെ പൊതുവായി ബാധിക്കുന്ന വിഷയങ്ങളിൽ (ഉദാഹരണത്തിന്, കാർഷിക, തീരദേശ അതിജീവന പ്രശ്നങ്ങൾ, ജീവനെതിരായ തിന്മകൾ, തുടങ്ങിയവ) സഭയുടെ ഇടപെടൽ തൃപ്തികരമാണോ? ഈ മേഖലകൾ മെച്ചപ്പെടുത്താനുള്ള നിർദേശങ്ങൾ മുന്നോട്ടുവയ്ക്കുക.

## C. പ്രാർത്ഥനാജീവിതം

43. ശിരസ്സായ ക്രിസ്തുവിനോടു ചേർന്നാണ് സഭാഗാത്രം നിലകൊള്ളുന്നത്. ക്രിസ്തുവിൽ പ്രവർത്തിക്കുന്ന അതേ പരിശുദ്ധാത്മാവ് സഭയിലും പ്രവർത്തിക്കുന്നു. ചരിത്രത്തിലൂടനീളം സഭയെ നയിക്കുകയും ഇന്നും സഭയെ നയിച്ചുകൊണ്ടിരിക്കുന്നതുമായ ദൈവാത്മാവിന്റെ പ്രവർത്തനങ്ങളെ പഠനവിധേയമാക്കുകയും ആത്മാവിന്റെ സ്വരം ശ്രവിച്ചുകൊണ്ട് നവീകരണ പ്രക്രിയകൾ നടപ്പിലാക്കുകയും ചെയ്യേണ്ടതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളണം. ദൈവാത്മിക ചൈതന്യത്തിൽ ഒരു ഉണർവ് (AWAKENING) സഭയിൽ സംഭവിക്കണം.

44. സഭയുടെ ഏറ്റവും വലിയ ശക്തിസ്രോതസ്സ് പരിശുദ്ധ കുർബാനയാണ്. ദിവ്യകാരുണ്യ ഭക്തിയും പ്രാർത്ഥനയും സഭയിൽ കൂടുതൽ ശക്തി പ്രാപിക്കണം. ദിവ്യബലിയിലുള്ള പങ്കാളിത്തമാണ് ക്രൈസ്തവ സമൂഹത്തിന്റെ കേന്ദ്രം. വചനപഠനവും വചനാധിഷ്ഠിത ജീവിതവും പരിപോഷിപ്പിക്കപ്പെടണം. ദൈവവചനപ്രഘോഷണം കൂദാശകളുടെ പരികർമ്മം, പ്രാർത്ഥനകൾ, ധ്യാനങ്ങൾ എന്നിവയിലെല്ലാം സഭാംഗങ്ങളെ മുഴുവൻ പങ്കാളികളാക്കുന്നതിന് അവസരങ്ങൾ ഒരുക്കണം. ക്രിസ്തീയ ആനന്ദത്തോടും പ്രത്യാശയോടും കൂടെ ജീവിക്കാനും ക്രിസ്തുവിനു സാക്ഷ്യം വഹിക്കാനും ആദ്ധ്യാത്മിക മേഖലയിൽ ഉണർവുണ്ടാകുക എന്നത് ഒഴിച്ചുകൂടാനാവാത്ത കാര്യമാണ്.

### ചർച്ചയ്ക്ക്

1. കുടുംബപ്രാർത്ഥന മുൻകാലങ്ങളിലെന്നപോലെ സജീവമാക്കി നിലനിറുത്തേണ്ടതിന് എന്തെല്ലാം ചെയ്യാനാകും?

2. സഭയുടെ ആത്മീയമേഖലകൾ ഭൗതികവത്ക്കരിക്കപ്പെടുന്നുണ്ടോ? നമ്മുടെ കൂട്ടായ്മകളിലും ആഘോഷങ്ങളിലും ആത്മീയ ചൈതന്യം നിറഞ്ഞുനില്ക്കാനാവശ്യമായ നടപടികൾ എന്തെല്ലാമായിരിക്കണം?

3. രൂപത-ഇടവക-കുടുംബ തലങ്ങളിൽ വചനാഭിമുഖ്യം ആഴപ്പെടുത്താൻ എന്തെല്ലാം ചെയ്യാനാകും?

## D. വിശ്വാസ പരിശീലനം

45. പണിയപ്പെട്ടുകൊണ്ടിരിക്കുന്ന ഭവനം എന്ന നിലയിൽ സഭയുടെ സുപ്രധാന ദൗത്യങ്ങളിൽ ഒന്നാണ് വിശ്വാസ പരിശീലനം. കാലോ

ചിതവും ക്രിസ്തുസാക്ഷ്യത്തിന് ഉപകരിക്കുന്നതുമായ വിശ്വാസ പരിശീലനം കുട്ടികൾക്കും യുവജനങ്ങൾക്കും മുതിർന്നവർക്കും ലഭിക്കത്തക്കവിധം മതബോധന സംവിധാനങ്ങൾ പരിഷ്കരിക്കേണ്ടതുണ്ട്. ജ്ഞാനസ്നാനത്തിന്റെ ഫലങ്ങളെ മുറുകെപ്പിടിച്ച് യേശുവിനെ രക്ഷകനും നാഥനുമായി ഏറ്റുപറഞ്ഞ് ജീവിക്കാനും ദൈവസ്നേഹത്തിലും പരസ്നേഹത്തിലും ഊന്നിയ പ്രേഷിത ചൈതന്യത്തിൽ വളർന്നുവരാനും സഹായിക്കുന്ന വിധമാകണം വിശ്വാസ പരിശീലനം. വൈദിക-സന്ന്യസ്ത- അല്മായ-യുവജന പരിശീലന മേഖലകളും അപ്രകാരം തന്നെയാകണം.

46. കരിസ്മാറ്റിക് നവീകരണ മേഖലകളിലും ഇതര ആത്മീയ സംവിധാനങ്ങളിലും ഉള്ള നന്മകളെ പരിപോഷിപ്പിക്കുകയും സംഭവിച്ചിട്ടുള്ള അപചയങ്ങളെ തിരിച്ചറിഞ്ഞ് തിരുത്തുകയും വേണം. 'ഭൗതിക സുവിശേഷ'ത്തിന്റെ സംസ്കാരത്തിന് ഊന്നൽ നല്കുന്നിടത്ത് വിശ്വാസരൂപീകരണവും പ്രേഷിത ശിഷ്യത്വവും അന്യമാകും.

## ചർച്ചയ്ക്ക്

1. ക്രിസ്തുവുമായുള്ള വ്യക്തിബന്ധത്തിൽ വളരാനും അവിടന്ന് ഏകരക്ഷകനാണെന്ന ബോധ്യത്തിലേക്ക് വളർന്ന് ക്രിസ്തുസാക്ഷിയായിത്തീരാനും ഇപ്പോഴുള്ള വിശ്വാസ പരിശീലനം പര്യാപ്തമാണോ? ക്രിസ്തുസാക്ഷ്യത്തിലും സഭാസ്നേഹത്തിലും സമുദായ ബോധത്തിലും വളരാൻ വിശ്വാസപരിശീലനം എപ്രകാരം ക്രമപ്പെടുത്തണം?

2. അടിസ്ഥാന വിശ്വാസപരിശീലനശേഷം യുവജനങ്ങൾക്കും മുതിർന്നവർക്കുമുള്ള തുടർവിശ്വാസപരിശീലനം സാധ്യമാക്കാനുള്ള നടപടികൾ നിർദേശിക്കുക.

3. വിശ്വാസത്തിന്റെ പിള്ളത്തൊട്ടിലായ കുടുംബങ്ങൾവഴിയും, കുടുംബങ്ങളിലൂടെയുമുള്ള വിശ്വാസ പരിശീലനത്തിനായി ഈ കാലഘട്ടത്തിലെ കുടുംബങ്ങളെ എപ്രകാരം ഒരുക്കാം?

## E. അനുരഞ്ജനം

47. ക്രിസ്തുവിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്ന ഭവനം എന്ന നിലയിലുള്ള സഭയുടെ ദർശനത്തിന് ചേർന്ന നേതൃത്വം അജപാലകരിൽ നിന്ന് ലഭിക്കേണ്ടതുണ്ട്, പ്രത്യേകിച്ച് അവരുടെ ജീവിതശൈലിയിൽ. മെത്രാൻ – വൈദികബന്ധം, വൈദിക – സന്ന്യസ്തബന്ധം, വൈദിക–

അല്മായ ബന്ധം, തുടങ്ങി അജപാലക ശുശ്രൂഷാ രംഗത്തുള്ളവർ തമ്മിലുള്ള ബന്ധങ്ങൾ സുതാര്യവും ദൃഢവുമാകുന്നതിന് നടപടികൾ കൈക്കൊള്ളണം. പ്രത്യേകിച്ച്, പ്രാദേശികതലവനും കൂരിയയും വൈദികരെയും വിശ്വാസികളെയും കേൾക്കുന്നതിൽ ഹൃദ്യത പുലർത്തണം. വിശ്വാസികളുടെ സമൂഹമായ സഭ ദൈവജനത്തിന്റെ കൂട്ടായ്മയാണ്. അതുകൊണ്ട് സഭയെ സ്ഥാപനവത്കരിക്കുന്ന പ്രവണതകൾ പ്രോത്സാഹിപ്പിക്കപ്പെടരുത്. നിലനില്ക്കുന്ന സംവിധാനങ്ങൾക്കപ്പുറം കടന്നുവന്ന് ക്രിസ്തുസാക്ഷ്യം നല്കാൻ സഭാംഗങ്ങൾക്കു കഴിയണം. യേശുക്രിസ്തുവിൽ കേന്ദ്രീകൃതവും എപ്പോഴും സജീവവുമായ സുവിശേഷചൈതന്യം സഭയുടെ സ്ഥാപനങ്ങളിലും പ്രവർത്തനങ്ങളിലും നിറഞ്ഞുനില്ക്കണം.

## ചർച്ചയ്ക്ക്

1. അജപാലനനേതൃത്വവും വിശ്വാസീസമൂഹവും തമ്മിലും സഭാംഗങ്ങൾ തമ്മിൽത്തമ്മിലുമുള്ള ബന്ധങ്ങളിലെ പോരായ്മകൾ നികത്തി അനുരഞ്ജനം സാധ്യമാകാൻ സഭയുടെ നിലവിലുള്ള സംവിധാനങ്ങൾ പര്യാപ്തമാണോ? ഈ മേഖലയിൽ അനുവർത്തിക്കേണ്ട പരിഹാരമാർഗങ്ങൾ നിർദേശിക്കുക. സഭയിൽ അനുരഞ്ജനം സാധ്യമാകേണ്ട മറ്റു മേഖലകളും കണ്ടെത്തി പരിഹാരം നിർദ്ദേശിക്കുക.

2. നഷ്ടപ്പെടാത്ത തൊണ്ണൂറ്റിഒൻപതിനെക്കാളും നഷ്ടപ്പെട്ട ഒന്നിനെ വീണ്ടെടുക്കുന്ന സുവിശേഷ ചൈതന്യം സഭയിൽ ഇന്നും കാത്തുസൂക്ഷിക്കാനും, എല്ലാവരെയും ഒന്നിച്ചു നിർത്താനും സഭ കൈക്കൊള്ളേണ്ട നടപടികൾ എന്തെല്ലാമായിരിക്കണം?

3. ഫ്രാൻസിസ് പാപ്പ പറയുന്നതുപോലെ പ്രാന്തപ്രദേശങ്ങളിലേക്ക് ഇറങ്ങിചെന്ന് മുറിവേറ്റവർക്കും വിട്ടുനില്ക്കുന്നവർക്കും ശുശ്രൂഷയുടെ അജപാലനം എത്തിക്കാൻ സഭയ്ക്ക് / സഭാനേതൃത്വത്തിന് സാധിക്കുന്നുണ്ടോ? മുറിവേറ്റവരെ അനുരഞ്ജനത്തിലേക്ക് കൊണ്ടുവരാൻ രൂപതാതലത്തിലും ഇടവകതലത്തിലും ചെയ്യേണ്ട പദ്ധതികൾ നിർദേശിക്കുക.

## F. ദരിദ്രസേവനം

48. ക്രിസ്തുവിന്റെ സഭ ദരിദ്രയാകണമെന്നും ദരിദ്രരെ ശുശ്രൂഷിക്കുകയാണ് സഭയുടെ ദൗത്യമെന്നും നമ്മൾ മറക്കരുതെന്നും ഫ്രാൻസിസ് പാപ്പാ ഓർമ്മിപ്പിക്കുന്നു (L'OR, March, 2013, 5). സഭാഗാത്രത്തിലെ

ഏറ്റവും ദരിദ്രരും പാർശ്വവത്കരിക്കപ്പെട്ടവരും അനാഥരും വിധവകളും രോഗികളും നിരാലംബരും വൃദ്ധജനങ്ങളും ഭവനരഹിതരും പീഡനങ്ങൾ ഏല്ക്കുന്നവരും കുഞ്ഞുങ്ങളുമെല്ലാം എക്കാലവും സഭയുടെ പ്രേഷിത ശുശ്രൂഷകളിൽ പ്രഥമ പരിഗണന അർഹിക്കുന്ന വരാണ്. 'ദരിദ്രന്റെ വിലാപം സഭയുടെ പ്രത്യാശയുടെ വിലാപമാണ്' എന്ന് ഫ്രാൻസിസ് പാപ്പാ സഭാമക്കളെ ഓർമ്മിപ്പിക്കുന്നു. 'ക്രിസ്തുവിന്റെ സ്നേഹം ഞങ്ങൾക്ക് ഉത്തേജനം നൽകുന്നു' (2 കോറി 5:14) എന്ന പൗലോസിന്റെ മനോഭാവമാണ് സാമൂഹ്യ ശുശ്രൂഷകളിൽ സഭയെന്നും പുലർത്തിപോന്നിട്ടുള്ളത്. ദരിദ്രരിലേക്കും പാർശ്വവല്ക്കരിക്കപ്പെട്ടവരിലേക്കും എത്തിച്ചേരാൻ വിളിക്കപ്പെട്ടവളാണ് സഭ. എന്നാൽ സഭയുടെ ശ്രദ്ധ പതിക്കപ്പെടാതെ പോകുന്നവർ ഇന്ന് ഭൂരിപക്ഷമായി പോകുന്നുണ്ടോ എന്നു വിലയിരുത്തണം.

## ചർച്ചയ്ക്ക്

1. സഭ ദരിദ്രരോടൊപ്പമാണ് എന്ന മുൻഗണന സഭാമക്കൾക്ക് അനുഭവവേദ്യമാകുന്നുണ്ടോ? കാലഘട്ടത്തിനനുസരിച്ച ജീവകാരുണ്യപ്രവർത്തനങ്ങളിൽ സഭ കൂടുതൽ ഏർപ്പെടേണ്ടത് എങ്ങനെ?

2. സഭയുടെ ആതുര വിദ്യാഭ്യാസമേഖലകൾ ദരിദ്രരായവർക്ക് എത്രത്തോളം പ്രയോജനകരമാണ്? എപ്രകാരം ഈ മേഖലകളെ കൂടുതൽ ജീവകാരുണ്യ പ്രവർത്തനമേഖലകളാക്കാം? സ്ഥാപനവൽക്കരണമെന്ന വളർച്ചയ്ക്കപ്പുറത്ത് ക്രിസ്തുവിന്റെ കരുണയുടെ മുഖം പ്രകാശിതമാക്കാൻ സഭ അനുവർത്തിക്കേണ്ട നൂതന കാരുണ്യ വഴികൾ നിർദ്ദേശിക്കുക.

3. കർഷകർ, മത്സ്യതൊഴിലാളികൾ, സംരംഭകർ, കച്ചവടക്കാർ തുടങ്ങി വിവിധ തൊഴിൽ മേഖലകളിൽ പ്രവർത്തിക്കുന്നവർ നേരിടുന്ന പലവിധ വെല്ലുവിളികളെ അതിജീവിക്കുന്നതിനുവേണ്ടി നൂതന മേഖകളിലേക്ക് സഭയ്ക്ക് എപ്രകാരം കടന്നുചെല്ലാനാകും? മാർഗങ്ങൾ നിർദേശിക്കുക. സഭയുടെ ശ്രദ്ധയും ശുശ്രൂഷയും ഇനിയും ആവശ്യമുള്ള പാർശ്വവൽക്കരിക്കപ്പെട്ടവർക്കുവേണ്ടി ചെയ്യാൻ കഴിയുന്ന ശുശ്രൂഷകൾ നിർദേശിക്കുക.

## G. വൈദിക-സന്ന്യസ്ത പ്രേഷിതത്വം

49. സഭാഗാത്രത്തെ വിശുദ്ധിയോടെ സംരക്ഷിക്കാനും വളർത്താനും വൈദികർക്കും സന്ന്യസ്തർക്കുമുള്ള ദൗത്യം സുപ്രധാനമാണ്.

സഭയിൽ അജപാലനശുശ്രൂഷയും പ്രേഷിത ശുശ്രൂഷയും രണ്ടു തട്ടുകളിലല്ല. പാർശ്വവത്കരിക്കപ്പെട്ടവർക്കും ദളിതർക്കുമിടയിൽ വൈദികപ്രേഷിതത്വം നിർവഹിച്ച വാഴ്ത്തപ്പെട്ട കുഞ്ഞച്ചൻ ഇക്കാര്യത്തിൽ നമുക്ക് മാതൃകയാണ്. ജനങ്ങളുമായി ബന്ധമില്ലാത്ത ഉപയോഗശൂന്യമായ ഒരു സംവിധാനമോ കാലഹരണപ്പെട്ട ഒരു സ്ഥാപനമോ ആയി ഇടവകയും മറ്റു സഭാസംവിധാനങ്ങളും മാറരുത്. കാരണം ഇടവകയെന്നാൽ ഒരു പ്രാദേശിക സഭയുടെ സാന്നിധ്യമാണ്. അജപാലന ശുശ്രൂഷയിൽ ഭവനസന്ദർശനങ്ങൾക്കും സഹഗമനത്തിനുമൊക്കെ സമയം കണ്ടെത്താത്ത അജപാലകരുടെ എണ്ണം ഇന്നുകൂടി വരികയാണ്. പ്രേഷിത സ്വഭാവം നഷ്ടപ്പെട്ട സമർപ്പിത സമൂഹം എല്ലാം സ്വാഭാവികമായി നടക്കുന്നുവെന്ന ധാരണ ഉളവാക്കിക്കൊണ്ടേയിരിക്കും. അതുവഴി, ഒരു "കല്ലറ മനശ്ശാസ്ത്രം" വികസിച്ചുവരികയും അജപാലകർ ക്രമേണ 'മൃതദേഹങ്ങൾ' ആയിത്തീരുകയും ചെയ്യും (EG 33). ജീവിതകാലം മുഴുവൻ നിലനില്ക്കുന്ന സമർപ്പണത്തിന് വ്യക്തികൾ തയ്യാറാകുന്നത് ആഴമായ വിശ്വാസാനുഭവത്തിന്റെ അടിസ്ഥാനത്തിലാണ്. അതിനനുസൃതമായ പ്രേഷിത രൂപീകരണമാണ് വൈദികർക്കും സന്ന്യസ്തർക്കും നല്കേണ്ടത്. പൗരോഹിത്യത്തിലേക്കും സമർപ്പിത ജീവിതത്തിലേക്കുമുള്ള ദൈവവിളികളുടെ കുറവ് ഗൗരവമായി പരിഗണിക്കപ്പെടണം.

## ചർച്ചയ്ക്ക്

1. രൂപത-ഇടവക-കുടുംബ പ്രേഷിതമേഖലകളിലെ അജപാലന ശുശ്രൂഷകൾ തൃപ്തികരമാണോ? അജപാലനനേതൃത്വം കൂടുതൽ പ്രേഷിതാഭിമുഖ്യമുള്ളതാകാൻ എന്തു നടപടികൾ കൈക്കൊള്ളണം?

2. വൈദിക-സന്ന്യസ്ത ജീവിതാന്തസുകളിലേക്ക് കൂടുതൽ ദൈവവിളികൾ ഉണ്ടാകുന്നതിന് ഫലപ്രദമായ മാർഗങ്ങൾ നിർദേശിക്കുക?

3. ഇടവക സമൂഹത്തെ ക്രിസ്തീയ കൂട്ടായ്മയിൽ വളർത്താനും കൗദാശികവും വചനാധിഷ്ഠിതവുമായ ജീവിതം നയിക്കാൻ അവരെ പ്രാപ്തരാക്കാനും ഇടവക വൈദികരുടേയും സന്ന്യസ്തരുടേയുമൊക്കെ പ്രവർത്തനങ്ങൾ എത്രമാത്രം പ്രയോജനപ്പെടുന്നുണ്ട്? കൂടുതൽ മെച്ചപ്പെടുത്താനുള്ള മാർഗങ്ങൾ നിർദേശിക്കുക.

## H. കുടുംബ പ്രേഷിതത്വം

50. സഭാഗാത്രത്തിന്റെ ചെറു പതിപ്പാണ് കുടുംബം (ഗാർഹികസഭ). കോവിഡ്കാലം സമൂഹത്തിലും കുടുംബത്തിലും വ്യക്തികളുടെമേലും ഏല്പിച്ചുള്ള ക്ഷതങ്ങൾ തിരിച്ചറിഞ്ഞ് സഭയുടെ കുടുംബ പ്രേഷിത ദൗത്യത്തിലും ശൈലിയിലും മാറ്റം അനിവാര്യമായിരിക്കുന്നു എന്നത് തിരിച്ചറിയണം.

51. തലമുറകളിൽ നിന്ന്  തലമുറകളിലേക്ക് വിശ്വാസം പകർന്നു നല്കുന്ന കാര്യങ്ങളിൽ  കത്തോലിക്കർക്കിടയിൽ ഒരു തകർച്ച ഇക്കഴിഞ്ഞ ദശകങ്ങളിലുണ്ടായിട്ടുണ്ട്. കുട്ടികളെ കൂദാശസ്വീകരണത്തിനു കൊണ്ടുവരുകയോ പ്രാർത്ഥിക്കാൻ  പഠിപ്പിക്കുകയോ ചെയ്യാത്ത മാതാപിതാക്കളുടെ സംഖ്യ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഞായറാഴ്ച ആചരണത്തിനും വിശ്വാസപരിശീലനത്തിനും അസൗകര്യങ്ങൾ നേരിടുന്നവർക്കുവേണ്ടി പകരം ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്. കുടുംബങ്ങളിൽ സംഭാഷണത്തിനുള്ള അവസരങ്ങളുടെ അഭാവം, സമ്പർക്കമാധ്യമങ്ങളുടെ സ്വാധീനം, ഉപഭോഗസംസ്കാരം എന്നിവ വർധമാനമായിരിക്കുന്നു.

## ചർച്ചയ്ക്ക്

1. സഭയിലെ  കുടുംബപ്രേഷിത ശുശ്രൂഷ ഫലപ്രദമാകുന്നുണ്ടോ? കൂടുംബപ്രേഷിത രംഗം കൂടുതൽ സജീവമാകാനുള്ള മാർഗങ്ങൾ നിർദേശിക്കുക.

2. കുടുംബം ഒരു ഗാർഹികസഭ എന്ന അവബോധത്തിലേക്ക് വളരുന്നതിനും സ്നേഹത്തിന്റെ ആനന്ദം കുടുംബങ്ങളിൽ അനുഭവവേദ്യമാകുന്നതിനും നമ്മുടെ കൂടുംബങ്ങൾ വിജയിക്കുന്നുണ്ടോ? ഈ മേഖലയിലുള്ള പ്രശ്നങ്ങൾ വിലയിരുത്തി പരിഹാരമാർഗങ്ങൾ നിർദേശിക്കുക.

3. ആധുനിക കാലഘട്ടത്തിൽ ക്രിസ്തീയ കുടുംബങ്ങൾ നേരിടുന്ന വെല്ലുവിളികൾ (ഉദാഹരണമായി, വിവാഹമോചനങ്ങളുടെ വർധനവ്, കുട്ടികളുടെ എണ്ണം കുറയുന്നത്, അബോർഷൻ, ഇതരമതസ്ഥരുമായിട്ടുള്ള വിവാഹങ്ങൾ എന്നിവയ്ക്കും, വൃദ്ധജനങ്ങൾ, കിടപ്പുരോഗികൾ, ഭിന്നശേഷിക്കാർ തുടങ്ങിയവർക്കുള്ള ശുശ്രൂഷകൾ എന്നിവയും) എങ്ങനെ  പരിഹരിക്കാനാകും?

## I. അല്മായ ശുശ്രൂഷ

52. സഭാഗാത്രം കെട്ടിപടുക്കുന്നതിൽ അല്മായർക്കുള്ള പങ്ക് ഒന്നാം സ്ഥാനത്താണ്. അല്മായരുടെ പ്രേഷിതത്വം സഭയുടെ തന്നെ രക്ഷാകര ദൗത്യത്തിലുള്ള അവരുടെ ഭാഗഭാഗിത്വമാണ്. സമകാലിക സാംസ്കാരിക സാമൂഹ്യപ്രശ്നങ്ങൾ സർവോപരി, അല്മായരുമായി ബന്ധപ്പെട്ടിരിക്കുന്നു. അല്മായ വിശ്വാസികളുടെ ക്രിസ്തുശിഷ്യത്വത്തിന്റെ അടിസ്ഥാന സവിശേഷത അത് ലോകത്തിൽത്തന്നെ നിർവഹിക്കപ്പെടുന്നു എന്നതാണ്. ഭൗതികകാര്യങ്ങളിൽ യഥേഷ്ടം വ്യാപരിച്ചുകൊണ്ടും അവയെ ദൈവേഷ്ടമനുസരിച്ചു നയിച്ചുകൊണ്ടും ദൈവരാജ്യം അന്വേഷിക്കുക എന്നതാണ് അല്മായരുടെ കടമ. അല്മായരുടെ ജീവിതവിശുദ്ധിയും അവർ നല്കുന്ന സാക്ഷ്യത്തിന്റെ ശക്തിയും മനുഷ്യവംശത്തിന്റെ പുരോഗതിക്ക് സംഭാവന നല്കുംവിധം ക്രമീകരിക്കപ്പെടണം. കത്തോലിക്കാ വിശ്വാസത്തിനുവേണ്ടി എല്ലാം ത്യജിക്കാൻ തയ്യാറായ അല്മായ രക്തസാക്ഷി ദേവസഹായംപിള്ള ഇവിടെ നമുക്ക് മഹനീയ മാതൃകയാണ്. ക്രിസ്തുസാക്ഷ്യം എന്നത് മാമ്മോദീസ സ്വീകരിച്ച ഓരോരുത്തരുടെയും ഉത്തരവാദിത്തവും കടമയുമാണെന്ന് അദ്ദേഹത്തിന്റെ ജീവിതം നമ്മെ ഓർമ്മിപ്പിക്കുന്നു. ഓരോരുത്തരും അവരവരുടെ ക്രൈസ്തവ സാക്ഷ്യത്തിൽ സംഘടിതവും ക്രമീകൃതവുമായ പ്രേഷിതപ്രവർത്തനങ്ങൾക്ക് ഊന്നൽ നല്കണം. ഭാവാത്മകമായും ക്രിയാത്മകമായും പ്രതിജ്ഞാബദ്ധതയോടെ വളരാനും പ്രതികരിക്കാനും അല്മായർ സന്നദ്ധരാകേണ്ടതാണ്.

### ചർച്ചയ്ക്ക്

1. സഭയുടെ ശുശ്രൂഷകളിലും ഭരണനിർവഹണ സംവിധാനങ്ങളിലും സജീവപങ്കാളിത്തം ഉറപ്പുവരുത്തി അല്മായ ശുശ്രൂഷാമേഖലകൾ എങ്ങനെ മെച്ചപ്പെടുത്താം?

2. സാമൂഹിക-രാഷ്ട്രീയ-സംസ്കാരിക മേഖലകളിലെ അല്മായ നേതൃത്വവും പങ്കാളിത്തവും എങ്ങനെ വളർത്തിയെടുക്കാനാകും?

3. പ്രേഷിതസ്വഭാവമുള്ള അല്മായ ശുശ്രൂഷകരെ രൂപപ്പെടുത്താൻ എന്തെല്ലാം നടപടികൾ നാം കൈക്കൊള്ളണം?

## J. യുവജനശുശ്രൂഷ

53. സഭയിലെ യുവജനങ്ങളുടെ കാര്യത്തിൽ പ്രത്യേകശ്രദ്ധ പതിക്കേണ്ടതുണ്ട്. “നിത്യയൗവനമുള്ള യേശു നമുക്ക് നിത്യയൗവനമുള്ള

ഹൃദയം നല്കാൻ ആഗ്രഹിക്കുന്നു.... യുവജനത്തെ അവജ്ഞയോടെ കാണുകയും അവരുടെമേൽ ആധിപത്യം പുലർത്തുകയും ചെയ്ത മുതിർന്നവരെക്കൊണ്ട് യേശുവിന് ഒരു ഉപയോഗവും ഇല്ലായിരുന്നു എന്നും നമ്മൾ ഓർമ്മിക്കണം" (CV 13-14).

54. സഭയിലെ ബഹുഭൂരിപക്ഷം വരുന്നവർ 40 വയസ്സിനു താഴെയുള്ളവരാണെന്നു മനസ്സിലാക്കി അവരെ കേൾക്കാനും അവരോടൊത്ത് നവീനപ്രക്രിയകൾ ആസൂത്രണം ചെയ്യാനും കഴിയണം. യുവജനം എന്തു പ്രതീക്ഷിക്കുന്നുവെന്നു യുവജനങ്ങളിൽനിന്നു കേൾക്കണം. അവരുടെ ഭാഷയും ശൈലിയും രീതികളും അജപാലന മേഖലയിലുള്ളവർ മനസ്സിലാക്കണം. സഭയോടും സമൂഹത്തോടും പ്രതിജ്ഞാബദ്ധതയുള്ള യുവതലമുറ രൂപപ്പെടുന്നതിനുപകരം സഭയിൽനിന്നും സഭാ ശുശ്രൂഷാകരിൽ നിന്നുമൊക്കെ ഏറെ അകന്നുനിൽക്കാൻ ഇഷ്ടപ്പെടുന്ന ഇന്നത്തെ സാഹചര്യം പഠനവിധേയമാക്കി പരിഹരിക്കാനുള്ള നടപടികൾ കൈക്കൊള്ളണം.

## ചർച്ചയ്ക്ക്

1. യുവജനങ്ങളിൽ സാമൂഹിക-ധാർമിക-രാഷ്ട്രീയ അവബോധം വളർത്തിയെടുക്കാനും ഇത്തരം വിഷയങ്ങളിൽ അവർ രൂപതാ-ഇടവക തലങ്ങളിൽ ക്രിയാത്മകമായി ഇടപെടാനുമുള്ള സംവിധാനങ്ങൾ നിർദേശിക്കുക.

2. കേരള കത്തോലിക്കാസഭയിലെ യുവജനങ്ങൾ അഭിമുഖീകരിക്കുന്ന വെല്ലുവിളികൾ (ഉദാഹരണമായി, അവിവാഹിതരുടെ വർധനവ്, വിവാഹം വേണ്ടെന്നു വയ്ക്കുന്നവർ, ട്രാൻസ്ജെൻഡറുകൾ നേരിടുന്ന പ്രശ്നങ്ങൾ, തൊഴിലില്ലായ്മ, മദ്യ-ലഹരിയുടെ ഉപഭോഗം മുതലായവ) യാഥാർത്ഥ്യബോധത്തോടെ അഭിമുഖീകരിക്കാൻ എന്തൊക്കെ സംവിധാനങ്ങൾ കൈക്കൊള്ളാനാകും?

3. പ്രേഷിതാഭിമുഖ്യമുള്ള യുവതലമുറയെ രൂപപ്പെടുത്താൻ രൂപത-ഇടവക മേഖലകളിൽ എന്തെല്ലാം ചെയ്യേണ്ടതുണ്ട്?

## K. സ്ത്രീ ശാക്തീകരണം

55. സ്ത്രീകളുടെ യഥാർത്ഥ മാഹാത്മ്യത്തെക്കുറിച്ചുള്ള വർധിച്ച അവബോധവും പൊതുജീവിതത്തിലുള്ള അവരുടെ കടന്നുവരവും ഈ കാലഘട്ടത്തിന്റെ അടയാളങ്ങളാണ് (*Pacem in Terris* 267-268).

സ്ത്രീകൾ വിവിധ തരത്തിലുള്ള വിവേചനത്തിനും ഒഴിച്ചുനിറുത്തലിനും വിധേയരായിക്കൊണ്ടിരിക്കുന്നു. സ്ത്രീകളുടെ വ്യക്തിഗതമായ മാഹാത്മ്യവും തത്ഫലമായി പുരുഷനോടുള്ള അവളുടെ തുല്യതയും സംരക്ഷിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യേണ്ടത് അടിയന്തര ആവശ്യമായി കാണണം. ഇന്ന് ലിംഗ സമത്വം സാമൂഹിക നീതിയുടെ അടയാളങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ്. സ്ത്രീ-പുരുഷ വ്യത്യാസത്തിന്റെ കാരണങ്ങളാലുള്ള തരംതിരിവും വിഭജനങ്ങളും പരിഷ്കൃത സമൂഹത്തിന് ചേർന്നതല്ല. സ്ത്രീകൾക്കെതിരായുള്ള എല്ലാ വിവേചനങ്ങൾക്കും ദുരുപയോഗങ്ങൾക്കുമെതിരേ സഭ ഉണർന്നു പ്രവർത്തിക്കണം. പുരുഷകേന്ദ്രീകൃത കാഴ്ചപ്പാടുകൾ ആഗോള കത്തോലിക്കാ സഭ പുലർത്തുന്നില്ല. സഭയിൽ ഇന്ന് പ്രധാനപ്പെട്ട ഉദ്യോഗങ്ങളിൽ പോലും വനിതകളെ ഉൾപ്പെടുത്തിയിരിക്കുന്നു. കേരള കത്തോലിക്കാ സഭയിലെ സ്ത്രീകളുടെ സാന്നിദ്ധ്യത്തേകുറിച്ച് നാം ഗൗരവമായി ചിന്തിക്കേണ്ടതുണ്ട്. സഭാപരമായ സംവിധാനങ്ങളിലെയും പ്രവർത്തനങ്ങളിലെയും ലിംഗസമത്വം വിലയിരുത്തപ്പെടേണ്ടതാണ്.

**ചർച്ചയ്ക്ക്**

1. സഭയുടെ ശുശ്രൂഷകളിലും ഭരണനിർവഹണ സംവിധാനങ്ങളിലും സജീവപങ്കാളിത്തം ഉറപ്പുവരുത്തി അല്മായ ശുശ്രൂഷാമേഖലകളെ എങ്ങനെ മെച്ചപ്പെടുത്താം? ഫ്രാൻസിസ് പാപ്പാ റോമിൽ തുടങ്ങിവച്ച സ്ത്രീശക്തീകരണത്തിന്റെ വിവിധ തലങ്ങൾ കേരളസഭയുടെ പശ്ചാത്തലത്തിൽ എപ്രകാരം തുടരാനാകും? നിർദേശങ്ങൾ നല്കുക.

2. സാമൂഹിക-രാഷ്ട്രീയ-സാംസ്കാരിക മേഖലകളിലെ സ്ത്രീനേതൃത്വവും പങ്കാളിത്തവും എങ്ങനെ വളർത്തിയെടുക്കാനാകും?

3. പരിശീലന തലങ്ങളിൽ (ഉദാഹരണമായി വിദ്യാലയങ്ങൾ, വേദോപദേശ ക്ലാസ്സുകൾ മുതലായവ) ആരോഗ്യകരമായ gender policy നടപ്പിൽ വരുത്താനും കുട്ടികൾക്ക് അവബോധ്യപ്പെടുത്താനും നമ്മുക്ക് എന്തെല്ലാം കാര്യങ്ങൾ ചെയ്യാനാകും?

## L. ദേശാന്തരവാസം

56. കേരളസഭയിൽ കുടുംബസമേതം പ്രവാസികളായിത്തീരുന്നവരുടെ എണ്ണത്തിൽ വൻ വർദ്ധനവാണ് കഴിഞ്ഞ ചില വർഷങ്ങൾക്കിടെ ഉണ്ടായിട്ടുള്ളത്. പഠനത്തിനും ജോലിക്കുമായി വിദേശരാജ്യ

ങ്ങളിലേക്ക് പോകുന്നവരുടെ എണ്ണം പ്രതിവർഷം കൂടിക്കൊണ്ടിരിക്കുന്നു. തൽഫലമായി, വൃദ്ധരായ മാതാപിതാക്കൾ മാത്രം വസിക്കുന്ന ഭവനങ്ങളും, ആരും താമസിക്കാൻ ഇല്ലാതെ അനാഥമായി കിടക്കുന്ന വീടുകളും പുരയിടങ്ങളും വർദ്ധിക്കുന്നു. ഈ കുടിയേറ്റങ്ങൾ താത്കാലികമായിട്ടുള്ളതല്ല, മറിച്ച് സ്ഥിരസ്വഭാവമുള്ള കുടിയേറ്റങ്ങളാണ്. വ്യാപകമായ രീതിയിലുള്ള വിദേശരാജ്യങ്ങളിലേക്കുള്ള ഈ കുടിയേറ്റം നമ്മുടെ നാടിനും വിശിഷ്യാ സമുദായത്തിനും ദോഷകരമാണ് എന്ന നിഗമനമാണ് പൊതുവേയുള്ളത്.

57. വാസ്തവത്തിൽ കത്തോലിക്കാ വിശ്വാസികളുടെ വലിയൊരു ശോഷണമാണ് കേരളത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഈ പ്രതിസന്ധി മുന്നോട്ടുള്ള കാലങ്ങളിൽ കൂടുതൽ രൂക്ഷമാവുകയും ചെയ്യും. ചില സമുദായങ്ങൾ തങ്ങളുടെ അംഗങ്ങൾക്ക് ആവശ്യത്തിന് തൊഴിലവസരങ്ങൾ ലഭിക്കാനാവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യുകയും കഴിവും യോഗ്യതയുമുള്ളവരെ നാട്ടിൽ ജീവിക്കാൻ ആവശ്യമായ പിന്തുണ നൽകുകയും ചെയ്തുവരുമ്പോൾ വൈദികരുടെയും സഭാ നേതൃത്വത്തിന്റെയും ഭാഗത്തുനിന്ന് വിദേശജോലി സമ്പാദിക്കാനുള്ള പ്രോത്സാഹനമാണ് പലപ്പോഴും മറ്റുള്ളവർക്കു ലഭിക്കുന്നത്.

## ചർച്ചയ്ക്ക്

1. വിദേശരാജ്യങ്ങളിലേക്കുള്ള സ്ഥിരമായ കുടിയേറ്റം സഭാ തനയരിൽ വർദ്ധിച്ചുവരുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. ഇത്തരം ഒരു പ്രതിഭാസത്തിന് പിന്നിലെ സാമൂഹ്യ-രാഷ്ട്രീയ കാരണങ്ങൾ എന്തെല്ലാമാണ്? അവയോട് സഭയ്ക്ക് എപ്രകാരം പ്രതികരിക്കാനാകും?

2. യുവജനങ്ങളെ നാട്ടിൽ ജീവിക്കാൻ പ്രേരിപ്പിക്കുന്ന രീതിയിൽ ഏതെങ്കിലും വിധത്തിലുള്ള പദ്ധതികൾ ആസൂത്രണം ചെയ്യാൻ നമുക്ക് കഴിയുമോ? ഗവർമെന്റ് ജോലികളിൽ നമ്മുടെ യുവാക്കൾക്ക് കൂടുതൽ അവസരങ്ങൾ ഉറപ്പാക്കാൻ എന്തെല്ലാം ചെയ്യാനാകും?

3. സഭയുടെ സ്ഥാപനങ്ങളിലെ തൊഴിൽ അവസരങ്ങളിൽ നമ്മുടെ അംഗങ്ങൾക്ക് മതിയായ പ്രാതിനിധ്യവും, ജോലി ചെയ്യുന്നവർക്ക് തൃപ്തികരവും മാന്യവുമായ ശമ്പളവും ഉറപ്പാക്കാൻ വേണ്ട കാര്യങ്ങൾ നിർദേശിക്കുക.

## M. പരിസ്ഥിതിപരമായ മാനസാന്തരം

58. പരിസ്ഥിതി വിഷയങ്ങൾ കേവലം ജൈവവിഷയങ്ങളായി കണക്കാക്കാനാവില്ല, സാമ്പത്തിക ബന്ധങ്ങളെയും നീതിപൂർവകമായ വിഭവവിനിയോഗത്തെയും സംബന്ധിച്ചുള്ള ആത്മീയ നിലപാടുകൾ ബലപ്പെടുത്തേണ്ട ധാർമ്മിക പ്രശ്നം തന്നെയാണവ. പ്രകൃതിയുടെ അജപാലനസംരക്ഷണം പരമദരിദ്രർക്കും ഭൂമിയിലെ ഏറ്റവും അവഗണിക്കപ്പെടുന്നവർക്കുമുള്ള നീതിയുമായി ബന്ധപ്പെട്ടതാണ് എന്ന് ഫ്രാൻസിസ് പാപ്പാ പറഞ്ഞു (*Laudato Si* 48-51). ആരോഗ്യകരവും സുസ്ഥിരവുമായ പരിസ്ഥിതി ക്രമപ്പെടുത്താനും നിലനിറുത്താനും പരിസ്ഥിതിയുടെ സംരക്ഷണത്തിനും പരിപാലനത്തിനും സഹായകമാകുന്ന ശ്രമങ്ങളും ഉദ്യമങ്ങളും നമ്മുടെ സാമൂഹിക ശുശ്രൂഷയുടെ സജീവഭാഗമാകണം.

## ചർച്ചയ്ക്ക്

1. പരിസ്ഥിതി സംരക്ഷണം സഭയെ സംബന്ധിച്ച് ഒരു ധാർമിക വിഷയമാണ്. പരിസ്ഥിതിയുടെ പേരിൽ ചൂഷണം ചെയ്യപ്പെടുന്ന ദരിദ്രരെയും കർഷകരെയും, കുടിയേറ്റക്കാരെയും, ഇതരവിഭാഗങ്ങളെയും പരിഗണിച്ചുകൊണ്ടുള്ള പരിസ്ഥിതി സംരക്ഷണം യാഥാർത്ഥ്യബോധത്തോടെ അവതരിപ്പിക്കാൻ നമ്മുക്ക് എങ്ങനെ കഴിയും?

2. പരിസ്ഥിതി സംരക്ഷണം ക്രിസ്തീയമായ വിളിയും നിയോഗവുമാണ്. ആരോഗ്യകരവും സുസ്ഥിരവുമായ പരിസ്ഥിതി സംരക്ഷണം പുലർത്താനും നടപ്പിൽവരുത്താനും രൂപത-ഇടവക തലങ്ങളിൽ എന്തെല്ലാം ചെയ്യാനാകും?

3. വിശ്വാസികൾക്കിടയിൽ പരിസ്ഥിതി അവബോധം വളർത്തുന്നതിനും നമ്മുടെ നിർമ്മാണ പ്രവർത്തനങ്ങളും ആഘോഷങ്ങളും പരിസ്ഥിതി സൗഹാർദപരമാകുന്നതിനും ആവശ്യമായ നിർദേശങ്ങൾ നല്കുക.

## L. സംവാദത്തിന്റെ മേഖലകൾ

59. കേരള കത്തോലിക്കാസഭ ഇതരമതങ്ങളോടും സമുദായങ്ങളോടും എക്കാലവും ബഹുമാനവും ആദരവും പുലർത്തിയാണ് നിലകൊണ്ടിട്ടുള്ളത്. ഇതരമതവിഭാഗങ്ങളുമായി സഭയുടെ ബന്ധങ്ങൾ കൂടുതൽ ശക്തിപ്പെടുത്താനാവണം. ഇക്കാര്യത്തിൽ വിശ്വാസിസമൂഹത്തിനുള്ള

ആശങ്കകൾ പരിഹരിക്കപ്പെടേണ്ടതുണ്ട്. പൊതുസമൂഹം സഭയെക്കുറിച്ച് എന്തു ചിന്തിക്കുന്നുവെന്ന് അറിയാൻ ഇതര മതസ്ഥരെയും ഇതര ക്രൈസ്തവസമൂഹങ്ങളെയും കേൾക്കാനും നമ്മൾ തയ്യാറാകണം.

60. മതസൗഹാർദം സംബന്ധിച്ച വിഷയങ്ങളും സാമൂഹിക ജീവിതത്തെ ബാധിക്കുന്ന പൊതുവായ മറ്റു കാര്യങ്ങളും പഠനവിധേയമാക്കാനും ഒരുമിച്ചു പ്രവർത്തിക്കാനുമുതകുന്ന സംവാദങ്ങൾക്ക് ഇതരമതങ്ങളും മറ്റു സഭകളുമായുള്ള ബന്ധങ്ങൾ സഹായകമാകണം.

## ചർച്ചയ്ക്ക്

1. സഭാനിലപാടുകളും നയങ്ങളും സഭാതനയരിലേക്കു എത്തിക്കാനും, പൊതുസമൂഹത്തെ ബോധ്യപ്പെടുത്താനും സഭയ്ക്കു പൊതുവായും രൂപത-ഇടവക തലങ്ങളിൽ പ്രത്യേകമായി എന്തൊക്കെ ചെയ്യാനാകും?

2. സാമൂഹിക ഐക്യത്തിനും മതസൗഹാർദത്തിനുമായി സദാ നിലകൊള്ളുന്ന സഭാനിലപാടിന് വിരുദ്ധമായ പ്രവണതകളെ നമുക്ക് എങ്ങനെ അഭിമുഖീകരിക്കാനാകും?

3. സഭാവിശ്വാസത്തെയും ജീവിതത്തെയും അവമതിക്കുന്ന സംഘടിതമായ സമീപനങ്ങളെ തിരിച്ചറിയാനും, ക്രിയാത്മകമായി പ്രതിരോധിക്കാനും പ്രതികരിക്കാനും എന്തൊക്കെ നടപടികൾ നാം സ്വീകരിക്കേണ്ടതുണ്ട്?

# XII. ഉപസംഹാരം

61. കേരള സഭാനവീകരണത്തിന് ഒരുങ്ങുമ്പോൾ അതിനായി ഏതെങ്കിലും ഒരു പ്രത്യേക പദ്ധതിക്ക് രൂപം കൊടുക്കുകയല്ല, മറിച്ച് മുഴുവൻ സമയവും പ്രേഷിതചൈതന്യത്താൽ നിറഞ്ഞ നവീകൃതമായ ഒരു സഭയെ കെട്ടിപടുക്കലാണ് നമ്മൾ ലക്ഷ്യം വയ്ക്കേണ്ടത്. സഭ അതിന്റെ മുഴുവൻ യോഗ്യതകളോടും കൂടെ ഉയിർത്തെഴുന്നേല്ക്കണം. പരസ്പര ഐക്യത്തോടും പങ്കാളിത്തത്തോടും കൂടെ പ്രേഷിത ദൗത്യം നിർവഹിക്കപ്പെടുന്ന ഒരു സമഗ്ര നവീകരണം സഭയിൽ സംഭവിക്കണം. അതുകൊണ്ട് ജീർണാവസ്ഥയിൽനിന്ന് നാം ഉണരേണ്ടതാണ്. സഭാംഗങ്ങൾ, മുകളിൽനിന്ന് താഴോട്ട്, നവീകരിക്കപ്പെടുന്നിടത്താണ് സഭാ നവീകരണം സംഭവിക്കുന്നത്. നവീകരണത്തിലൂടെയാണ് സഭ സദാ യൗവനയുക്തയായി മാറുന്നതും വളരുന്നതും. അതിനായി നിരന്തരമായ ശ്രവണങ്ങളും പഠനങ്ങളും ആസൂത്രങ്ങളും നടക്കണം.

62. 'സഭ എന്റെ ഭവനം' (Belongingness) എന്ന ബോധ്യം വളർത്തുന്നതിന് കെസിബിസിയുടെയും വ്യക്തിസഭകളുടെയും വിവിധ കമ്മീഷനുകളും സംവിധാനങ്ങളും അവരവരുടെ പ്രവർത്തനങ്ങളിൽ ഒരു പദ്ധതി എങ്കിലും ആവിഷ്ക്കരിക്കണം. ഒരു ആന്തരിക നവീകരണം എന്നതിന് സഭാതലത്തിലുള്ള എല്ലാ സംരംഭങ്ങളും ഇക്കാലത്ത് പ്രത്യേക ശ്രദ്ധ ചെലുത്തണം. നവീകരണകാലത്തെ സഭയിലെ എല്ലാ പ്രവർത്തനങ്ങളും പഠനങ്ങളും പദ്ധതികളും സഭാനവീകരണത്തിനു ഉതകുന്നതാകണം.

63. ഇപ്പോൾ സഭയിൽ ആരംഭിച്ചിരിക്കുന്ന ഈ നവീകരണ പ്രക്രിയ സജീവമായി തുടരേണ്ടതിന് കേരളസഭാനവീകരണസംരംഭത്തിന്റെ പ്രാരംഭത്തിൽത്തന്നെ ഒരു മോണിറ്ററിങ്ങ് സംവിധാനം സംസ്ഥാന-രൂപത-ഇടവകതലങ്ങളിൽ ഉറപ്പുവരുത്തണം.

64. ഇന്ന് വർദ്ധമാനമായിക്കൊണ്ടിരിക്കുന്ന വർഗീയത, പരിസ്ഥിതി നാശം, മലിനീകരണം, ലിംഗ അസമത്വം, കുറയുന്ന ജനനനിരക്ക്, കുടുംബ ബന്ധങ്ങളുടെ തകർച്ച, ലൈംഗിക അരാജകത്വം, കുടിയേറ്റം, ദാരിദ്ര്യം, ഒഴിഞ്ഞുപോക്ക്, ആത്മീയതയ്ക്കു സ്ഥാനമില്ലാത്ത ഉപഭോഗ തൊഴിൽ സംസ്കാരം, വിശ്വാസരാഹിത്യവും അജ്ഞേയവാദവും, തൊഴിൽ മേഖലകളിലെ അസ്ഥിരതയും അതുണ്ടാക്കുന്ന വിഹ്വലതകളും തുടങ്ങി എല്ലാ വെല്ലുവിളികളും ആശങ്കകളും കേരളസഭാ നവീകരണ പശ്ചാത്തലത്തിൽ വിശദമായി പരിഗണിക്കപ്പെടണം. കേരളസഭ മുഴുവൻസമയവും പ്രേഷിതയായി മാറുന്നിടത്താണ് നവീകരണം പൂർണമാകുന്നത്. അതിനായി പരിശുദ്ധാത്മാവ് നമ്മെ നയിക്കട്ടെ.

**കേരളസഭാ നവീകരണം 2022-2025**
**കോർടീം**

1. ബിഷപ് സാമുവൽ മാർ ഐറേനിയൂസ്
2. ബിഷപ് മാർ ജോർജ് മഠത്തികണ്ടത്തിൽ
3. ബിഷപ് ഡോ. പോൾ ആന്റണി മുല്ലശേരി
4. ബിഷപ് ഡോ. ജയിംസ് ആനാപറമ്പിൽ
5. ബിഷപ് മാർ ടോണി നീലങ്കാവിൽ